# വെളിച്ചം റമദാൻ 2026

## വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

## വെളിച്ചം റമദാൻ ഡേ 15 (മാർച്ച് 07)

## സൂറ : ഫാത്വിർ

## റിവിഷൻ 01

GET IT ON Google Play

Velicham Online

velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

سورة فاطر

# 35. സൂറതു ഫാത്വിർ

സൂറത്തുൽ മലാഇകഃ (മലക്കുകൾ) എന്നും ഇതിന് പേരുണ്ട്.
മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 45 - വിഭാഗം (റുകൂഉ്) 5

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

**പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**

ٱلۡحَمۡدُ لِلَّهِ فَاطِرِ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ جَاعِلِ ٱلۡمَلَٰٓئِكَةِ رُسُلًا أُوْلِيٓ أَجۡنِحَةٖ مَّثۡنَىٰ وَثُلَٰثَ وَرُبَٰعَۚ يَزِيدُ فِي ٱلۡخَلۡقِ مَا يَشَآءُۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ﴿١﴾

**﴾1﴿ സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു. (അതായത്) ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികർത്താവ്; മലക്കുകളെ ഈരണ്ടും മുമ്മൂന്നും നന്നാലും പക്ഷങ്ങൾ [ചിറകുകൾ] ഉള്ള ദൂതൻമാരാക്കിയിട്ടുള്ളവൻ: സൃഷ്ടിയിൽ അവൻ ഉദ്ദേശിക്കുന്നത് അവൻ വർദ്ധിപ്പിക്കുന്നു. നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.**

---

﴾1﴿ اَلْحَمْدُ സ്തുതി (യെല്ലാം) لِلّٰهِ അല്ലാഹുവിനാണ് فَاطِرِ السَّمَاوَاتِ ആകാശങ്ങളുടെ സൃഷ്ടികർത്താവ് وَالْأَرْضِ ഭൂമിയുടെയും جَاعِلِ الْمَلَائِكَةِ മലക്കുകളെ ആക്കിയവൻ رُسُلًا ദൂതൻമാർ أُولِي أَجْنِحَةٍ ചിറകു (പക്ഷം)കളുള്ള مَثْنَىٰ ഈരണ്ട് وَثُلَاثَ മുമ്മൂന്നും وَرُبَاعَ നന്നാലും يَزِيدُ അവൻ വർദ്ധിപ്പിക്കും فِي الْخَلْقِ സൃഷ്ടിയിൽ مَا يَشَاءُ അവൻ ഉദ്ദേശിക്കുന്നത് إِنَّ اللّٰهَ നിശ്ചയമായും അല്ലാഹു عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തിനും, വസ്തുവിനും قَدِيرٌ കഴിവുള്ളവനാണ്

الْحَمْدُ (സ്തുതി അല്ലാഹുവിനാണ്) എന്ന വാക്യംകൊണ്ട് ആരംഭിക്കുന്ന സൂറത്തുകളിൽ അവസാനത്തെതാണിത്. സ്തുതികീർത്തനങ്ങളുടെ അർഹതയും, അവകാശവും അല്ലാഹുവിനാണെന്നും, സൃഷ്ടികളെല്ലാം അവന് സ്തുതികീർത്തനം ചെയ്യാൻ കടപ്പെട്ടവരാണെന്നും കാണിക്കുന്ന ചില ഗുണവിശേഷങ്ങളും ഈ വാക്യത്തെത്തുടർന്ന് ഓരോ സ്ഥലത്തും പറഞ്ഞിരിക്കുന്നത് കാണാം. അങ്ങനെയുള്ള രണ്ട് ഗുണവിശേഷങ്ങൾ ഇവിടെയും പറഞ്ഞിരിക്കുന്നു. ആകാശങ്ങളുടെയും, ഭൂമിയുടെയും സൃഷ്ടികർത്താവ്– അഥവാ ആകാശഭൂമികൾക്കും അവയിലടങ്ങിയ സർവ്വ ചരാചരങ്ങൾക്കും അതതിന്റെ പ്രകൃതം നൽകി നൂതനമായി സൃഷ്ടിച്ചുണ്ടാക്കിയ കർത്താവ്– ഇതാണ് ഒന്നാമത്തേത്. പലതരത്തിലുള്ള മലക്കുകളെ ദൂതൻമാരാക്കി നിശ്ചയിച്ചവൻ എന്നത്രെ രണ്ടാമത്തേത്. ആദ്യത്തേത് അവന്റെ നിർമാണമാഹാത്മ്യത്തെയും, ഒടുവിലത്തേത് അവന്റെ പരിപാലനപരിപാടികളിൽ ചിലതിനെയും കുറിക്കുന്നു.

ഈരണ്ടും, മുമ്മൂന്നും, നന്നാലും ചിറകുകളുള്ളവർ എന്ന് പറഞ്ഞത് മലക്കുകളുടെ രൂപവ്യത്യാസത്തെയോ, സ്ഥാനപദവികളെയോ എടുത്തുകാട്ടിയതായിരിക്കാം. ഈ ചിറകുകൾ എങ്ങനെയുള്ളവയാണെന്ന യാഥാർത്ഥ്യം നമുക്കറിയുവാൻ നിവൃത്തിയില്ല. നമ്മുടെ ദൃഷ്ടിക്ക് ഗോചരമല്ലാത്ത ആത്മീയ ജീവികളാണല്ലോ മലക്കുകൾ. മലക്കുകൾ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടവരാണെന്ന് നബി ﷺ പ്രസ്താവിച്ചതായി മുസ്‌ലിമും, അഹ്മദും (റ) ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീഥിൽ വന്നിട്ടുണ്ട്. എങ്കിലും, അല്ലാഹു ഉദ്ദേശിക്കുമ്പോൾ, ചില പ്രത്യേക രൂപങ്ങളിലായി മനുഷ്യർക്ക് കാണത്തക്കവിധം മലക്കുകൾ പ്രത്യക്ഷപ്പെട്ടേക്കുമെന്ന് ക്വുർആനിൽനിന്നും ഹദീഥിൽനിന്നും മനസ്സിലാക്കാം. ഇബ്റാഹീം നബി (അ), ലൂത്വ് നബി (അ), മർയം (അ) എന്നിവരുടെ അടുക്കൽ ദൈവദൂതന്മാരായി മലക്കുകൾ ചെന്ന വിവരം അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. നബി തിരുമേനി ﷺ ജിബ്‌രീൽ (അ)നെ കണ്ടിട്ടുള്ളതും പ്രസിദ്ധമാണ്. എന്നാൽ, മലക്കിന്റെ സാക്ഷാൽ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നപക്ഷം അത് മനുഷ്യപ്രകൃതിക്ക് താങ്ങാനാവാത്ത കാഴ്ചയായിരിക്കും. നബി തിരുമേനി ﷺ രണ്ട് പ്രാവശ്യം ജിബ്‌രീൽ (അ)നെ സാക്ഷാൽ രൂപത്തിൽ കണ്ടിട്ടുള്ളതായി ബുഖാരിയിലും മുസ്‌ലിമിലും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഹിറാ ഗുഹയിൽവെച്ചുണ്ടായ ഒന്നാമത്തെ ആ കാഴ്ച വിവരിച്ചതിൽ, 'ഞാൻ എന്നെപ്പറ്റി ഭയപ്പെട്ടുപോയി' (لقد خشيت على نفسى) എന്നും, രണ്ടാമത്തെ കാഴ്ചയുടെ വിവരണത്തിൽ 'ഞാൻ പേടിച്ച് നടുങ്ങി നിലത്തേക്ക് വീഴാൻ പോയി' (فجئت منه رعبا حتى هويت إلى الأرض) എന്നും മറ്റും തിരുമേനി പ്രസ്താവിച്ചിരിക്കുന്നു.

സാക്ഷാൽ രൂപത്തിൽ പ്രത്യക്ഷപ്പെട്ട ഈ അവസരത്തിൽ ജിബ്‌രീൽ (അ)ന് ആറുനൂറു ചിറകുകൾ ഉണ്ടായിരുന്നുവെന്ന് ഇബ്നുമസ്ഊദ് (റ) പ്രസ്താവിച്ചതായി മുസ്‌ലിം (റ) രേഖപ്പെടുത്തിയിട്ടുണ്ട്. ഉദരത്തിലും, രണ്ടും നാലും കാലുകളിലും നടക്കുന്ന ജീവിക ളെക്കുറിച്ച് പറഞ്ഞശേഷം സൂ: നൂർ 45 ൽ 'അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടി ക്കുന്നു' (يخلق الله ما يشاء) എന്ന് പറഞ്ഞുവല്ലോ. അതുപോലെ, ഈരണ്ടും മുമ്മൂന്നും നന്നാലും ചിറകുകളെപ്പറ്റി പറഞ്ഞശേഷം 'സൃഷ്ടിയിൽ അവൻ ഉദ്ദേശിക്കുന്നത് അവൻ വർദ്ധിപ്പിക്കുന്നു' (يزيد في الخلق ما يشاء) എന്ന് ഇവിടെയും പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധേ യമാണ്. കൂടാതെ, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്നും ഉണർത്തി യിരിക്കുന്നു. മലക്കുകളിൽ ഈ മൂന്ന് തരക്കാർക്ക് പുറമെ വേറെയും പല തരക്കാരു ണ്ടാവാമെന്നും, ചിറകുകളുടെ ആധിക്യം അനുസരിച്ച് അവരുടെ പദവികളിലും വ്യത്യാ സമുണ്ടാവാമെന്നും ഇതിൽ നിന്ന് മനസ്സിലാക്കാം. الله أعلم



വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ലോകത്തിന്റെ നന്മക്കും, മനുഷ്യന്റെ വിജയത്തിനും ആവശ്യമായ ദൈവിക സന്ദേശങ്ങളെ നബിമാർക്ക് അല്ലാഹു മലക്കുകൾ മുഖേന എത്തിച്ചുകൊടുക്കുന്നു. കൂടാതെ മറ്റുപല കാര്യങ്ങളും മലക്കുകൾ മുഖേന ലോകത്ത് നടത്തപ്പെടുന്നുണ്ടെന്ന് ക്വുർആനിൽ പലപ്പോഴും കാണാറുള്ളതാണ്. മലക്കുകളെ ദൂതൻമാരാക്കുക എന്ന് പറഞ്ഞത് ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ടാകുന്നു. അല്ലാഹുവിന്റെ കൽപനയനുസരിച്ച് ഓരോ മലക്കും അവനവന്റെ കൃത്യം നിർവ്വഹിക്കുമെന്നല്ലാതെ, അല്ലാഹുവിന്റെ ഏതെങ്കിലും അധികാരാവകാശങ്ങളിൽ അവർക്ക് വല്ല പങ്കും ഉണ്ടെന്ന് ഇതിനർത്ഥമില്ല. അവർ അല്ലാഹുവിന്റെ ആദരിക്കപ്പെട്ട അടിയാൻമാർ മാത്രമാകുന്നു. അവൻ (بَلْ عِبَادٌ مُّكْرَمُونَ - الأنبياء) അവരോട് എന്ത് കൽപിച്ചുവോ അതിന് അവർ എതിര് പ്രവർത്തിക്കുകയില്ല. അവരോട് കൽപിക്കപ്പെട്ടതെന്തും അവർ പ്രവർത്തിക്കുകയും ചെയ്യും. (لا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ- التحريم) സൂ: അൻബിയാഉ്, 26– 29 എന്നീ ആയത്തുകളും അവയുടെ വിവരണവും നോക്കുക.

മതഗ്രന്ഥങ്ങളിൽ വിശ്വസിക്കാത്തവർ മലക്കുകളുടെ അസ്തിത്വം നിഷേധിക്കുക സ്വാഭാവികമാണ്. എന്നാൽ, മുസ്‌ലിം സമുദായത്തിനുള്ളിൽതന്നെ ചില 'യുക്തിവാദി'കളുണ്ട്. മലക്കുകൾ എന്ന് പറപ്പെടുന്നത് വിദ്യുച്ഛക്തിപോലെയുള്ള എന്തോ ഒരു ശക്തിയായിരിക്കുമെന്നാണവരുടെ ധാരണയും, പ്രസ്താവനകളും. ധാരാളക്കണക്കിലുള്ള ക്വുർആൻ വചനങ്ങളുടെയും, നബിവചനങ്ങളുടെയും പരസ്യമായ നിഷേധമാണത്. അല്ലാമാ ഫരീദുവജ്ദീ പറഞ്ഞതുപോലെ, മലക്കുകളെ തങ്ങൾക്ക് കാണുവാൻ സാധിച്ചിട്ടില്ല എന്നല്ലാതെ, അവർക്ക് യാതൊരു തെളിവും അതിനില്ല. മനുഷ്യരിൽവെച്ച് ഏറ്റവും സത്യവാൻമാരും, ചിന്തകൻമാരും, ബുദ്ധിമാൻമാരുമാണെന്ന് സമ്മതിക്കപ്പെട്ട പ്രവാചകൻമാരും, പുണ്യാത്മാക്കളായ ചില മഹാൻമാരും മലക്കുകളെ കണ്ടിട്ടുണ്ട്താനും. ഇവർ മുഖാന്തരമാണ് സൻമാർഗത്തിന്റെ ആധാരങ്ങൾ നമുക്ക് ലഭിച്ചിരിക്കുന്നതും. എന്നിരിക്കെ, അതിനെ നിഷേധിക്കുവാൻ ആർക്കാണധികാരം?!

مَّا يَفْتَحِ ٱللَّهُ لِلنَّاسِ مِن رَّحْمَةٍ فَلَا مُمْسِكَ لَهَا ۖ وَمَا يُمْسِكْ فَلَا مُرْسِلَ لَهُۥ مِنۢ بَعْدِهِۦ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢﴾

**﴿2﴾ കാരുണ്യമായുള്ള ഏതൊന്നിനെയും അല്ലാഹു മനുഷ്യർക്ക് തുറന്നുകൊടുക്കുന്നപക്ഷം, അതിനെപിടിച്ച് വെക്കുന്നവനില്ല; അവൻ എന്തെങ്കിലും പിടിച്ചുവെക്കുന്നതായാൽ, അതിനുശേഷം അതിനെ (തുറന്ന്) വിടുന്നവനുമില്ല. അവനത്രെ, അഗാധജ്ഞനായ പ്രതാപശാലി.**

---

﴿2﴾ مَا يَفْتَحِ اللَّهُ അല്ലാഹു ഏതൊന്ന് തുറന്നുകൊടുക്കുന്നുവോ لِلنَّاسِ മനുഷ്യർക്ക് مِنْ رَحْمَةٍ കാരുണ്യമായിട്ട്, അനുഗ്രഹത്തിൽനിന്ന് فَلا مُمْسِكَ പിടിച്ചുവെക്കുന്നവനില്ല لَهَا അതിനെ وَمَا ഏതൊന്ന് يُمْسِكْ അവൻ പിടിച്ചുവെക്കുന്നുവോ فَلا എന്നാൽ വിട്ടയക്കുന്നവനില്ല مُرْسِلَ അതിനെ مِنْ بَعْدِهِ അവന് പുറമെ, അതിനുശേഷം وَهُوَ അവൻ الْعَزِيزُ പ്രതാപശാലി الْحَكِيمُ അഗാധജ്ഞനി

എന്നിരിക്കെ, അല്ലാഹു അല്ലാത്ത ഏതൊന്നിനെയും - അത് മലക്കുകളോ, പ്രവാചകൻമാരോ, പുണ്യാത്മാക്കളോ, ഗോളങ്ങളോ, പ്രതിമകളോ എന്തുതന്നെ ആയാലും ശരി- ആരാധിച്ചിട്ടും പ്രാർത്ഥിച്ചിട്ടും ഫലമില്ല. ആർക്കും അതിന് അർഹതയുമില്ല. നമസ്ക്കാരത്തിലും പുറത്തും നബി ﷺ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നതായി പല ഹദീഥ് ഗ്രന്ഥങ്ങളിലും കാണാം: اللهم لا مانع لما أعطيت ولا معطى لما منعت ولا ينفع ذاالجد منك الجد (അല്ലാഹുവേ, നീ കൊടുക്കുന്നതിനെ മുടക്കുന്നവനില്ല; നീ മുടക്കിയതിനെ കൊടുക്കുന്നവനുമില്ല; ഐശ്വര്യക്കാരന് നിന്നെ സംബന്ധിച്ച് ഐശ്വര്യം ഉപയോഗം ചെയ്യുന്നതുമല്ല.)

يَـٰٓأَيُّهَا ٱلنَّاسُ ٱذْكُرُوا۟ نِعْمَتَ ٱللَّهِ عَلَيْكُمْ ۚ هَلْ مِنْ خَـٰلِقٍ غَيْرُ ٱللَّهِ يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ ۚ لَآ إِلَـٰهَ إِلَّا هُوَ ۖ فَأَنَّىٰ تُؤْفَكُونَ ﴿٣﴾

**﴿3﴾ ഹേ, മനുഷ്യരേ, നിങ്ങളുടെ മേൽ അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുവിൻ. അല്ലാഹു അല്ലാതെ, ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്ന വല്ല സ്രഷ്ടാവും (വേറെ) ഉണ്ടോ?! അവനല്ലാതെ ആരാധ്യനേ ഇല്ല. എന്നിരിക്കെ, എങ്ങനെയാണ് നിങ്ങൾ (സത്യത്തിൽനിന്ന്) തെറ്റിക്കപ്പെടുന്നത്?!**

وَإِن يُكَذِّبُوكَ فَقَدْ كُذِّبَتْ رُسُلٌ مِّن قَبْلِكَ ۚ وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ ﴿٤﴾

**﴿4﴾ (നബിയേ) ഇവർ നിന്നെ വ്യാജമാക്കുന്നുവെങ്കിൽ, നിനക്ക് മുമ്പും 'റസൂലു'കൾ വ്യാജമാക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങൾ മടക്കപ്പെടുന്നത്.**

---

﴿3﴾ يَا أَيُّهَا النَّاسُ ഹേ, മനുഷ്യരേ اذْكُرُوا ഓർക്കുവിൻ نِعْمَةَ اللَّهِ അല്ലാഹുവിന്റെ അനുഗ്രഹം عَلَيْكُمْ നിങ്ങളിൽ هَلْ مِنْ خَالِقٍ വല്ല സ്രഷ്ടാവുമുണ്ടോ غَيْرُ اللَّهِ അല്ലാഹു അല്ലാതെ يَرْزُقُكُمْ നിങ്ങൾക്ക് ഉപജീവനം (ആഹാരം) നൽകുന്ന مِنَ السَّمَاءِ ആകാശത്തുനിന്ന് وَالْأَرْضِ ഭൂമിയിൽ നിന്നും لَا إِلَٰهَ ഒരാരാധ്യനേ ഇല്ല إِلَّا هُوَ അവൻ അല്ലാതെ فَأَنَّىٰ എന്നിരിക്കെ (അപ്പോൾ) എങ്ങനെ تُؤْفَكُونَ നിങ്ങൾ തെറ്റിക്കപ്പെടുന്നു, നുണയിലകപ്പെടുന്നു ﴿4﴾ وَإِنْ يُكَذِّبُوكَ അവർ (ഇവർ) നിന്നെ വ്യാജമാക്കുന്നുവെങ്കിൽ فَقَدْ كُذِّبَتْ എന്നാൽ വ്യാജമാക്കപ്പെട്ടിട്ടുണ്ട് رُسُلٌ പല റസൂലുകൾ مِنْ قَبْلِكَ നിനക്കുമുമ്പ് وَإِلَى اللَّهِ അല്ലാഹുവിങ്കലേക്ക് തന്നെ تُرْجَعُ മടക്കപ്പെടുന്നു الْأُمُورُ കാര്യങ്ങൾ

---

പ്രവാചകൻമാരെ വ്യാജമാക്കൽ ഇപ്പോൾ മാത്രമുള്ളതല്ല. മുമ്പും അത് പതിവാണ്. എല്ലാ കാര്യങ്ങളുടെയും കലാശവും, തീരുമാനവും അല്ലാഹുവിങ്കലാണല്ലോ. വ്യാജവാദികളുടെമേൽ അവൻ നടപടി എടുത്തുകൊള്ളും. അതുകൊണ്ട് മുൻപ്രവാചകൻമാരെപ്പോലെ ക്ഷമയും സ്ഥിരചിത്തതയും കൈകൊള്ളണം. എന്ന് താൽപര്യം.

يَـٰٓأَيُّهَا ٱلنَّاسُ إِنَّ وَعْدَ ٱللَّهِ حَقٌّ ۖ فَلَا تَغُرَّنَّكُمُ ٱلْحَيَوٰةُ ٱلدُّنْيَا ۖ وَلَا يَغُرَّنَّكُم بِٱللَّهِ ٱلْغَرُورُ ﴿٥﴾

**《5》 ഹേ, മനുഷ്യരേ, നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദാനം യഥാർത്ഥമാകുന്നു. അതുകൊണ്ട് ഐഹികജീവിതം നിങ്ങളെ വഞ്ചിക്കാതിരുന്നുകൊള്ളട്ടെ! അല്ലാഹുവിനെ സംബന്ധിച്ച് (ആ) മഹാ വഞ്ചകനും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ!!**

إِنَّ ٱلشَّيْطَـٰنَ لَكُمْ عَدُوٌّ فَٱتَّخِذُوهُ عَدُوًّا ۚ إِنَّمَا يَدْعُوا۟ حِزْبَهُۥ لِيَكُونُوا۟ مِنْ أَصْحَـٰبِ ٱلسَّعِيرِ ﴿٦﴾

**《6》 നിശ്ചയമായും, നിങ്ങൾക്ക് ശത്രുവാകുന്നു പിശാച്, ആകയാൽ, നിങ്ങളവനെ ശത്രുവാക്കിവെക്കുവിൻ! അവൻ തന്റെ കക്ഷിയെ ക്ഷണിക്കുന്നത് അവർ ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരിൽ പെട്ടവരായിരിക്കുവാൻ വേണ്ടിമാത്രമാണ്.**

---

《5》 يَا أَيُّهَا النَّاسُ ഹേ, മനുഷ്യരേ إِنَّ وَعْدَ اللَّهِ നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദാനം حَقٌّ യാഥാർത്ഥമാണ് فَلَا تَغُرَّنَّكُمُ ആകയാൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ, വഞ്ചിക്കരുത് الْحَيَاةُ الدُّنْيَا ഐഹിക ജീവിതം وَلَا يَغُرَّنَّكُمْ നിങ്ങളെ വഞ്ചിക്കാതെയുമിരിക്കട്ടെ بِاللَّهِ അല്ലാഹുവിനെ സംബന്ധിച്ച് الْغَرُورُ മഹാ വഞ്ചകൻ, ചതിയൻ 《6》 إِنَّ الشَّيْطَانَ നിശ്ചയമായും പിശാച് لَكُمْ നിങ്ങൾക്ക് عَدُوٌّ ശത്രുവാണ് فَاتَّخِذُوهُ അതുകൊണ്ട് നിങ്ങളവനെ ആക്കുവിൻ عَدُوًّا ശത്രു إِنَّمَا يَدْعُو നിശ്ചയമായും അവൻ ക്ഷണിക്കുന്നു, ക്ഷണിക്കുന്നുള്ളൂ حِزْبَهُ അവന്റെ കക്ഷിയെ لِيَكُونُوا അവർ ആയിത്തീരുവാൻവേണ്ടി (മാത്രം) مِنْ أَصْحَابِ السَّعِيرِ ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരിൽ

---

മരണാനന്തര ജീവിതം, വിചാരണ, രക്ഷാശിക്ഷകൾ മുതലായവയാണ് അല്ലാഹുവിന്റെ വാഗ്ദാനംകൊണ്ട് ഉദ്ദേശ്യം. ഇവയെക്കുറിച്ചുള്ള വിശ്വാസത്തിനും, ഭാവിജീവിതത്തിലേക്കുള്ള മുൻകരുതലിനും മനുഷ്യന് വിഘാതമായി നിലകൊള്ളുന്ന രണ്ട് വൻ ശത്രുക്കളെക്കുറിച്ചാണ് അല്ലാഹു താക്കീത് ചെയ്യുന്നത്. ഒന്ന്, ഐഹിക ജീവിതം, മറ്റൊന്ന് പിശാച്. ഐഹിക ജീവിതത്തിൽ നിന്നാണ് മനുഷ്യൻ പാരത്രിക ജീവിതത്തിലേക്ക് സമ്പാദിക്കേണ്ടതുള്ളത്. പക്ഷേ, ഐഹിക ജീവിതത്തിൽത്തന്നെ ജീവിതലക്ഷ്യമാക്കുകയോ, അതിന് അതിന്റേതിൽ കവിഞ്ഞ പ്രാധാന്യം നൽകുകയോ ചെയ്യുന്ന പക്ഷം അത് അവന്റെ ശത്രുവും നാശഹേതുവുമായി കലാശിക്കുന്നു. പിശാചാണെങ്കിൽ, മനുഷ്യന്റെ വർഗശത്രുവാണ്. മനുഷ്യനെ വഴിപിഴപ്പിക്കുകയെന്നത് അവന്റെ ലക്ഷ്യം മാത്രമാണ്. അതുകൊണ്ട് രണ്ടിനെക്കുറിച്ചും സദാ ജാഗരൂകരായിരിക്കുവാനും, ശത്രുതയല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കപ്പെടുവാനില്ലാത്ത പിശാചിന്റെ അദൃശ്യവലകളെപ്പറ്റി പ്രത്യേകം സൂക്ഷിച്ചുകൊള്ളുവാനും അല്ലാഹു മനുഷ്യരെ ഉൽബോധിപ്പിക്കുന്നു. പിശാചിനെപ്പറ്റി മഹാവഞ്ചകൻ എന്നും, അവൻ നിങ്ങൾക്ക് ശത്രുവാണെന്നും, അവനെ നിങ്ങൾ



വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ശത്രുവായിത്തന്നെ ഗണിക്കണമെന്നും, അവൻ തന്റെ ആൾക്കാരെ നരകത്തിലേക്ക് മാത്രമാണ് ക്ഷണിക്കുന്നതെന്നും അല്ലാഹു ആവർത്തിച്ചു നൽകിയ താക്കീതുകൾ നാം പ്രത്യേകം ഓർമവെക്കേണ്ടതുണ്ട്. പിശാചിന്റെ വഞ്ചനയുടെ കടുപ്പവും ഗൗരവവുമാണത് ചൂണ്ടിക്കാട്ടുന്നത്. അല്ലാഹു നമ്മെ രക്ഷിക്കട്ടെ. ആമീൻ.

ٱلَّذِينَ كَفَرُواْ لَهُمۡ عَذَابٞ شَدِيدٞۖ وَٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ لَهُم مَّغۡفِرَةٞ وَأَجۡرٞ كَبِيرٌ ﴿٧﴾

**﴾7﴿ യാതൊരുകൂട്ടർ അവിശ്വസിച്ചുവോ അവർക്ക് കഠിനമായ ശിക്ഷയുണ്ട്; യാതൊരുകൂട്ടർ വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തുവോ അവർക്ക് പാപമോചനവും, വലുതായ പ്രതിഫലവും ഉണ്ടായിരിക്കും.**

---

﴾7﴿ الَّذِينَ كَفَرُوا അവിശ്വസിച്ചവർ لَهُمْ അവർക്കുണ്ട് عَذَابٌ شَدِيدٌ കഠിനശിക്ഷ وَالَّذِينَ آمَنُوا വിശ്വസിച്ചവർ وَعَمِلُوا الصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത لَهُمْ അവർക്കുണ്ട് مَغْفِرَةٌ പാപമോചനം, പൊറുതി وَأَجْرٌ كَبِيرٌ വലിയ (വമ്പിച്ച) പ്രതിഫലവും

---

മനുഷ്യൻ കഠിന ശിക്ഷക്കർഹനായിത്തീരുവാൻ കാരണം അവിശ്വാസമാണ്. അവിശ്വാസത്തോടുകൂടിയുള്ള സൽക്കർമങ്ങൾ പരിഗണിക്കപ്പെടുകയില്ല. നേരെമറിച്ച് സത്യവിശ്വാസത്തോടുകൂടി സൽക്കർമങ്ങൾ ചെയ്തവർക്കാണ് പാപമോചനവും വമ്പിച്ച പ്രതിഫലവും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത്.

## വിഭാഗം - 2

أَفَمَن زُيِّنَ لَهُۥ سُوٓءُ عَمَلِهِۦ فَرَءَاهُ حَسَنٗاۖ

**﴾8﴿ അപ്പോൾ, തന്റെ ദുഷ്പ്രവൃത്തി തനിക്ക് ഭംഗിയായി കാണിക്കപ്പെടുകയും, എന്നിട്ടതിനെ നല്ലതായി കാണുകയും ചെയ്തിട്ടുള്ള ഒരുവനോ?! [ഇവനുണ്ടോ സൽക്കർമശാലികളെപ്പോലെ പ്രതിഫലം ലഭിക്കുന്നു?!]**

فَإِنَّ ٱللَّهَ يُضِلُّ مَن يَشَآءُ وَيَهۡدِي مَن يَشَآءُۖ فَلَا تَذۡهَبۡ نَفۡسُكَ عَلَيۡهِمۡ حَسَرَٰتٍۚ إِنَّ ٱللَّهَ عَلِيمُۢ بِمَا يَصۡنَعُونَ ﴿٨﴾

**എന്നാൽ, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ വഴിപിഴവിലാക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. അതുകൊണ്ട് സങ്കടാധിക്യത്താൽ അവരുടെ പേരിൽ [അവരെച്ചൊല്ലി] നിന്റെ ആത്മാവ് പോകാതിരുന്നുകൊള്ളട്ടെ! നിശ്ചയമായും അവർ പ്രവർത്തിച്ച് വരുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനാണ്.**

﴾8﴿ أَفَمَنْ അപ്പോൾ യാതൊരുവനോ زُيِّنَ لَهُ അവന് ഭംഗിയാക്കപ്പെട്ടിരിക്കുന്നു سُوءُ عَمَلِهِ അവന്റെ ദുഷ്പ്രവൃത്തി, പ്രവൃത്തിയുടെ തിന്മ فَرَآهُ എന്നിട്ടവൻ അതിനെ കണ്ടു حَسَنًا നല്ലതായി فَإِنَّ اللَّهَ എന്നാൽ അല്ലാഹു يُضِلُّ വഴിപിഴവിലാക്കുന്നു مَنْ يَشَاءُ അവനുദ്ദേശിക്കുന്നവരെ وَيَهْدِي നേർവഴിയിലുമാക്കുന്നു مَنْ يَشَاءُ അവനുദ്ദേശിക്കുന്നവരെ فَلَا تَذْهَبْ അത് കൊണ്ടുപോകാതിരുന്നുകൊള്ളട്ടെ نَفْسُكَ നിന്റെ ജീവൻ, നിന്റെ ദേഹം عَلَيْهِمْ അവരുടെ പേരിൽ (അവരാൽ) حَسَرَاتٍ സങ്കടങ്ങളാൽ (സങ്കടാധിക്യം കൊണ്ട്) إِنَّ اللَّهَ നിശ്ചയമായും അല്ലാഹു عَلِيمٌ അറിയുന്നവനാണ് بِمَا يَصْنَعُونَ അവർ ചെയ്തു (പണിതു) വരുന്നതിനെപ്പറ്റി

---

ഐഹികജീവിതത്തിന്റെയും, പിശാചിന്റെയും വഞ്ചനകൾക്ക് പാത്രമാകുന്നവർക്ക് യാഥാർത്ഥ്യങ്ങളെ ഗ്രഹിക്കുവാനും, നല്ലതും ചീത്തയും വേർതിരിച്ചറിയുവാനും സാധിക്കാതെവരും. അങ്ങനെ, തങ്ങൾ സ്വീകരിക്കുന്ന ദുർന്നടപ്പുകളുടെ കൊള്ളരുതായ്മ അവർക്ക് അജ്ഞാതമായിത്തീരുകയും, അവ സൽപ്രവൃത്തികളായി ഗണിക്കുകയും, അതിൽ അഭിമാനം കൊള്ളുകയും ചെയ്യും. ഇത്രയും ദുഷിച്ചുപോയ ഇവർ എങ്ങനെയാണ് അല്ലാഹുവിന്റെ പാപമോചനത്തിനും, പ്രതിഫലങ്ങൾക്കും അർഹരാവുക?! എങ്ങനെയാണ് നേർമാർഗം പ്രാപിക്കുന്നവരുടെ കൂട്ടത്തിൽ അല്ലാഹു ഇവരെ ഉൾപ്പെടുത്തുക?! തങ്ങളുടെ നടപടികൾ ചീത്തയാണെന്ന ബോധമെങ്കിലും അവർക്കുണ്ടായിരുന്നുവെങ്കിൽ അവരെപ്പറ്റി വല്ല പ്രതീക്ഷക്കും വഴിയുണ്ടാകുമായിരുന്നു. അതുകൊണ്ട് ഇങ്ങനെയുള്ളവരുടെ കാര്യത്തിൽ സങ്കടപ്പെട്ട് സ്വയം കഷ്ടപ്പെടേണ്ടതില്ല. അല്ലാഹു അവരുടെ ചെയ്തികളെല്ലാം കണ്ടറിയുന്നുണ്ട്. അവൻ തക്ക നടപടി വഴിയെ എടുക്കുകയും ചെയ്യും. എന്ന് സാരം.

وَٱللَّهُ ٱلَّذِىٓ أَرْسَلَ ٱلرِّيَـٰحَ فَتُثِيرُ سَحَابًا فَسُقْنَـٰهُ إِلَىٰ بَلَدٍ مَّيِّتٍ فَأَحْيَيْنَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَا ۚ كَذَٰلِكَ ٱلنُّشُورُ ﴿٩﴾

**﴾9﴿ അല്ലാഹുവത്രെ, കാറ്റുകളെ അയച്ചിട്ടുള്ളവൻ [ചലിപ്പിക്കുന്നവൻ]. എന്നിട്ട് അവ മേഘം ഇളക്കിവിടുന്നു; അങ്ങനെ നാം [അല്ലാഹു] അതിനെ നിർജ്ജീവമായ വല്ല നാട്ടിലേക്കും തെളിച്ചുകൊണ്ട് പോകുകയായി; എന്നിട്ട് (ആ) ഭൂമിയെ അത് നിർജ്ജീവമായതിനുശേഷം- നാം ജീവിപ്പിക്കുകയായി. ഇതുപോലെ (ത്തന്നെ) യാണ് പുനഃരുത്ഥാനം!.**

---

﴾9﴿ وَاللَّهُ അല്ലാഹുവത്രെ الَّذِي أَرْسَلَ അയച്ചവൻ الرِّيَاحَ കാറ്റുകളെ فَتُثِيرُ എന്നിട്ടവ ഇളക്കിവിടുന്നു سَحَابًا മേഘം, മഴക്കാറ് فَسُقْنَاهُ എന്നിട്ട് നാമതിനെ തെളിക്കും, കൊണ്ടുപോകും إِلَىٰ بَلَدٍ വല്ല നാട്ടിലേക്കും مَيِّتٍ നിർജ്ജീവമായ فَأَحْيَيْنَا بِهِ എന്നിട്ട് അതുകൊണ്ട് നാം ജീവിപ്പിക്കും الْأَرْضَ ഭൂമിയെ بَعْدَ مَوْتِهَا അതിന്റെ മരണത്തിന്റെ (നിർജ്ജീവതയുടെ) ശേഷം كَذَٰلِكَ അപ്രകാരമാണ് النُّشُورُ എഴുന്നേൽപ് (പുനഃരുത്ഥാനം)



വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

അതിമഹത്തായ ഒരു അനുഗ്രഹവും, നിത്യസത്യമായ ഒരു ദൃഷ്ടാന്തവും എടുത്തുകാട്ടി മരണാനന്തരജീവിതത്തിന്റെ സാധ്യത തെളിയിക്കുകയാണ്. അതത് നാടുകളിലേക്ക് മേഘം നീങ്ങുന്നതിലും, അതിൽനിന്ന് മഴ വർഷിച്ച് നിർജ്ജീവമായ ഭൂമി ഉൽപാദനയോഗ്യമായിത്തീരുന്നതിലും അടങ്ങിയ ഗഹനമായ രഹസ്യങ്ങളിലേക്കുള്ള സൂചനയാണ്, വാചകഘടനയിൽ ഇടക്കുവെച്ച് 'അവൻ' എന്നതിന്റെ സ്ഥാനത്ത് 'നാം' എന്ന മദ്ധ്യമപ്രയോഗം. ഈ പ്രയോഗത്തെപ്പറ്റി ഇതിനുമുമ്പും നാം ഉണർത്തിയിട്ടുണ്ട്.

مَن كَانَ يُرِيدُ ٱلْعِزَّةَ فَلِلَّهِ ٱلْعِزَّةُ جَمِيعًا ۚ إِلَيْهِ يَصْعَدُ ٱلْكَلِمُ ٱلطَّيِّبُ وَٱلْعَمَلُ ٱلصَّـٰلِحُ يَرْفَعُهُۥ ۚ وَٱلَّذِينَ يَمْكُرُونَ ٱلسَّيِّـَٔاتِ لَهُمْ عَذَابٌ شَدِيدٌ ۖ وَمَكْرُ أُو۟لَـٰٓئِكَ هُوَ يَبُورُ ﴿١٠﴾

**﴾10﴿ ആരെങ്കിലും പ്രതാപത്തെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, പ്രതാപം മുഴുവനും അല്ലാഹുവിനാണ് ഉള്ളത്. (ശുദ്ധമായ) നല്ല വാക്കുകൾ അവങ്കലേക്കത്രെ കയറിപ്പോകുന്നത്. സൽക്കർമമാകട്ടെ, അതിനെ അവൻ ഉയർത്തുകയും ചെയ്യുന്നു. (കടുത്ത്) ദുഷിച്ച കുതന്ത്രങ്ങൾ പ്രയോഗിക്കുന്നവർക്ക് കഠിനമായ ശിക്ഷയുണ്ട്. അക്കൂട്ടരുടെ കുതന്ത്രം തന്നെയാണ് നാശമടയുക.**

---

﴾10﴿ مَنْ كَانَ ആരെങ്കിലും ആണെങ്കിൽ يُرِيدُ الْعِزَّةَ പ്രതാപം (യശസ്സ്) ഉദ്ദേശിക്കുക فَلِلَّهِ എന്നാൽ അല്ലാഹുവിനാണ് الْعِزَّةُ പ്രതാപം جَمِيعًا മുഴുവനും إِلَيْهِ അവങ്കലേക്കത്രെ يَصْعَدُ കയറിപ്പോകുന്നത് الْكَلِمُ വാക്ക്, വാക്കുകൾ الطَّيِّبُ നല്ല, ശുദ്ധമായ وَالْعَمَلُ الصَّالِحُ സൽക്കർമമാകട്ടെ يَرْفَعُهُ അത് (അവൻ) അതിനെ ഉയർത്തുകയും ചെയ്യുന്നു وَالَّذِينَ يَمْكُرُونَ കുതന്ത്രം പ്രവർത്തിക്കുന്നവർ السَّيِّئَاتِ ദുഷിച്ച (കടുത്ത) കുതന്ത്രങ്ങൾ لَهُمْ അവർക്കുണ്ട് عَذَابٌ شَدِيدٌ കഠിന ശിക്ഷ وَمَكْرُ أُولَئِكَ അക്കൂട്ടരുടെ കുതന്ത്രം هُوَ അത് (തന്നെ) يَبُورُ നാശമടയും, നഷ്ടപ്പെടും

---

മൂന്നുനാല് കാര്യങ്ങൾ ഈ വചനത്തിൽ അല്ലാഹു അറിയിക്കുന്നു. 1) പ്രതാപം മുഴുവനും അല്ലാഹുവിനുള്ളതാണ്. ആർക്കെങ്കിലും പ്രതാപം സിദ്ധിക്കേണമെന്നുണ്ടെങ്കിൽ അത് അവനിൽനിന്ന് ലഭിക്കേണ്ടതും, അതിന് അവൻ നിർദ്ദേശിക്കുന്ന മാർഗങ്ങൾ വഴി അവനോട് ആവശ്യപ്പെടേണ്ടതുമാണ്. അവൻ നൽകുന്ന പ്രതാപമേ സാക്ഷാൽ പ്രതാപമായിരിക്കുകയുള്ളൂ. അവൻ പ്രതാപം നൽകാതെ അവഗണിക്കുന്നവർക്ക് മാന്യതയും, യശസ്സും ലഭിക്കുകയില്ല. (ومن يهن الله فما له من مكرم) എന്നാൽ- പലരും ധരിക്കുന്നതുപോലെ -യശസ്സ് അല്ലെങ്കിൽ പ്രതാപം എന്ന് പറയുന്നത് കുറെ ധനശക്തിയോ, തോന്നിയതുപോലെ പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യമോ, മറ്റുള്ളവരെ കീഴ്പ്പെടുത്തി കയ്യൂക്ക് നടത്തുവാനുള്ള സ്വാധീനമോ ഒന്നുമല്ല. സത്യവും നീതിയും അന്യന് അടിയറവെക്കാതെ, അക്രമവും അനീതിയും അവലംബമാക്കാതെ- സൽസ്വഭാവം, ഹൃദയശുദ്ധി, മാനമര്യാദ, സൽക്കർമം മുതലായവ വഴി- സിദ്ധിക്കുന്ന അന്തസ്സും മനസ്സമാധാനവുമാണ് സാക്ഷാൽ യശസ്സ് (العزة). ഇങ്ങനെയുള്ളവന് അല്ലാഹുവിനെ മാത്രമേ ഭയ



വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

പ്പെടേണ്ടിവരികയുള്ളൂ. അവന്റെ സർവ്വാശ്രയവും അവൻതന്നെ. ഇതോടൊപ്പെ ജനമദ്ധ്യെ അവന് വിലയും നിലയും താനെ ഉണ്ടായിത്തീരുന്നു. യശസ്സ് ലഭിക്കുവാനുള്ള മാർഗം അടുത്ത വാക്യത്തിൽ കണ്ടെത്താവുന്നതുമാണ്. 'പ്രതാപം' എന്ന് നാം അർത്ഥം നൽകിയത് عزة എന്ന വാക്കിനാണ്. 'യശസ്സ്, വീര്യം, യോഗ്യത, അന്തസ്സ്' എന്നൊക്കെ സന്ദർഭോചിതം അതിന് അർത്ഥം പറയാം.

2, 3) വിശ്വാസംകൊണ്ടും, ആത്മാർത്ഥതകൊണ്ടും പരിശുദ്ധമായ ഹൃദയത്തിൽനിന്ന് ഉടലെടുത്ത് നാവിൽകൂടി വെളിക്കുവരുന്ന നല്ല വാക്കുകൾ- ദിക്ർ, ദുആ, ക്വുർആൻ, സദുപദേശം മുതലായ എല്ലാ സംസാരങ്ങളും -അല്ലാഹുവിങ്കൽ എത്തിച്ചേരുന്നു. അവൻ അവയെ സ്വീകരിച്ച് തക്ക പ്രതിഫലം നൽകുകയും ചെയ്യും. നല്ല വാക്കുകളി (الكلم الطيب)ൽ തൗഹീദിന്റെ സാക്ഷ്യവാചകമായ لا إله إلا الله (അല്ലാഹു അല്ലാതെ ആരാധ്യനേ ഇല്ല) എന്ന 'കലിമഃ'ക്കാണ് പ്രഥമസ്ഥാനമുള്ളതെന്ന് പറയേണ്ടതില്ല. സൽകർമങ്ങളെയെല്ലാം -അവ ചെറുതോ വലുതോ, സ്വകാര്യമോ പരസ്യമോ ഏതാവട്ടെ- അല്ലാഹു ഉയർത്തുകയും അവയെ രേഖപ്പെടുത്തി യഥായോഗ്യം പ്രതിഫലം നൽകുകയും ചെയ്യും. ചുരുക്കത്തിൽ, നല്ല വാക്കുകളോ പ്രവൃത്തികളോ ഒന്നുംതന്നെ അല്ലാഹു പാഴാക്കുകയില്ല.

والعمل الصالح يرفعه എന്ന വാക്യത്തിന് നാം വായിച്ച അർത്ഥം ഓർമിക്കുക. 'അതിനെ അവൻ ഉയർത്തുന്നു' يرفعه എന്നതിലെ കർത്താവിന്റെ സ്ഥാനത്ത് 'അല്ലാഹു'വും, അതിൽ കർമമായി നിൽക്കുന്നത് 'സൽക്കർമവു'മാണല്ലോ. ക്വുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗം സ്വീകരിച്ച അഭിപ്രായമാണിത്. മറ്റൊരുവിഭാഗത്തിന്റെ അഭിപ്രായത്തിൽ ഈ ക്രിയയുടെ കർത്താവ് 'സൽക്കർമ' (العمل الصالح)വും, കർമം 'നല്ല വാക്കും' (الكلم الطيب) ആകുന്നു. (*) അപ്പോൾ, ഈ വാക്കിന്റെ അർത്ഥവിവർത്തനം ഇപ്രകാരം വരും; 'സൽക്കർമമാകട്ടെ, അതിനെ- നല്ല വാക്കിനെ- ഉയർത്തുകയും ചെയ്യും.' അതായത് നല്ല വാക്കുകൾ ഉന്നതങ്ങളാകുന്നതും, ഫലപ്രദമാകുന്നതും സൽകർമങ്ങൾ നിമിത്തമാണ് എന്ന് സാരം.

'നല്ല വാക്കുകൾ കയറിപ്പോകു'മെന്നും, 'സൽക്കർമം ഉയർത്തു'മെന്നും പറഞ്ഞതിന്റെ താൽപര്യം അല്ലാഹു അവയെ സ്വീകരിക്കുമെന്നോ, അറിയിക്കുമെന്നോ മാത്രമാണെന്ന് കരുതേണ്ടതില്ല. വസ്തുതകൾ വസ്തുക്കളായി രൂപാന്തരപ്പെടുന്ന ഒരു ലോകമാണ് (عالم يتجسد فيه المعانى) ആത്മീയ ലോകം -അഥവാ പരലോകം. അല്ലാഹുവിന്റെ കഴിവിൽപെടാത്തതൊന്നുമില്ല. മാത്രമല്ല, പല ഹദീഥുകളിലും ഇതിന് തെളിവുകൾ കാണാം. ഇന്നത്തെ ചില ശാസ്ത്രീയസിദ്ധാന്തങ്ങളും ഇതിന് ഉപോൽബലങ്ങളായുണ്ട് താനും.

4) ഉപായങ്ങളും, കാപട്യങ്ങളും പ്രയോഗിച്ച് നടത്തപ്പെടുന്ന എല്ലാ കുതന്ത്രങ്ങളും കുറ്റകരവും ആക്ഷേപകരവും തന്നെ. എന്നാൽ, അത് കടുത്തതും ദുഷ്ടതരവുമാകുമ്പോൾ കൂടുതൽ ശിക്ഷാർഹമായിത്തീരുന്നതാണ്. മാത്രമല്ല, അത് അതിന്റെ കർത്താക്കളിൽതന്നെ തിരിച്ചടിച്ച് നാശമായിക്കലാശിക്കുകയും ചെയ്യും. നബി തിരുമേനി ﷺയെ കൊലപ്പെടുത്തുകയോ, പിടിച്ച് ബന്ധനത്തിലാക്കുകയോ, നാടുകടത്തിവിടുകയോ ചെയ്യാൻ ക്വുറൈശികൾ ദാറുന്നദ്‌വത്തി'ൽ വെച്ച് ഗൂഢാലോചന നടത്തി. അതിനായി രാത്രി വീടുവളഞ്ഞു. ഇതുപോലുള്ള പല ഉദാഹരണങ്ങളും, അവയുടെ അനന്തരഫലങ്ങളും അന്നും ഇന്നും ചരിത്രത്തിൽ ധാരാളം കാണാവുന്നതാണ്.

***(*) الكلم എന്ന വാക്കിന് ഏകവചനത്തിന്റെയും ബഹുവചനത്തിന്റെയും അർത്ഥം വരാവുന്നതാണ്.***

وَٱللَّهُ خَلَقَكُم مِّن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ جَعَلَكُمْ أَزْوَٰجًا ۚ وَمَا تَحْمِلُ مِنْ أُنثَىٰ وَلَا تَضَعُ إِلَّا بِعِلْمِهِۦ ۚ وَمَا يُعَمَّرُ مِن مُّعَمَّرٍ وَلَا يُنقَصُ مِنْ عُمُرِهِۦٓ إِلَّا فِى كِتَٰبٍ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿١١﴾

**﴾11﴿ അല്ലാഹു നിങ്ങളെ മണ്ണിൽ നിന്നും, പിന്നീട് ഇന്ദ്രിയത്തുള്ളിയിൽനിന്നുമായി സൃഷ്ടിച്ചു; പിന്നെ, അവൻ നിങ്ങളെ ഇണകളാക്കി. അവന്റെ അറിവോടെയല്ലാതെ യാതൊരു സ്ത്രീയും ഗർഭം ധരിക്കുന്നില്ല, പ്രസവിക്കുന്നുമില്ല. (ദീർഘിച്ച) ആയുസ്സ് നൽകപ്പെട്ടിട്ടുള്ള ഏതൊരാൾക്കും ആയുസ്സ് നൽകപ്പെടുന്നതാകട്ടെ, (ആർക്കെങ്കിലും) അവന്റെ ആയുസ്സിൽ നിന്നും കുറക്കപ്പെടുന്നതാകട്ടെ, ഒരു (രേഖാ) ഗ്രന്ഥത്തിൽ ഇല്ലാതില്ല. നിശ്ചയമായും, അത് അല്ലാഹുവിന്റെ മേൽ നിസ്സാരമായതാണ്.**

﴾11﴿ وَاللَّهُ അല്ലാഹു خَلَقَكُمْ നിങ്ങളെ സൃഷ്ടിച്ചു مِنْ تُرَابٍ മണ്ണിൽനിന്ന്, മണ്ണിന്നൽ ثُمَّ പിന്നെ مِنْ نُطْفَةٍ ഒഴുകുന്ന ജലത്തിൽ (ഇന്ദ്രിയത്തുള്ളിയിൽ) നിന്ന് ثُمَّ جَعَلَكُمْ പിന്നെ നിങ്ങളെ അവൻ ആക്കി أَزْوَاجًا ഇണകൾ (ഭാര്യാഭർത്താക്കൾ) وَمَا تَحْمِلُ ഗർഭം ധരിക്കുന്നില്ല مِنْ أُنْثَى ഒരു പെണ്ണും സ്ത്രീയും وَلَا تَضَعُ അവൾ പ്രസവിക്കുന്നുമില്ല إِلَّا بِعِلْمِهِ അവന്റെ അറിവോടെയല്ലാതെ وَمَا يُعَمَّرُ ആയുസ്സ് നൽകപ്പെടുന്നതുമല്ല مِنْ مُعَمَّرٍ ഒരു ആയുസ്സ് നൽകപ്പെട്ടവന്നും وَلَا يُنْقَصُ കുറക്കപ്പെടുക (ചുരുക്കപ്പെടുക)യുമില്ല مِنْ عُمُرِهِ അവന്റെ ആയുസ്സിൽ (വയസ്സിൽ) നിന്ന് إِلَّا فِي كِتَابٍ ഒരു ഗ്രന്ഥത്തിൽ ഇല്ലാതെ إِنَّ ذَلِكَ നിശ്ചയമായും അത് عَلَى اللَّهِ അല്ലാഹുവിന്റെ മേൽ يَسِيرٌ നിസ്സാരമാണ്, ലഘുവായതാണ്

അല്ലാഹു ലോകകാര്യങ്ങളെ മൊത്തത്തിൽ മാത്രമേ അറിയുന്നുള്ളൂവെന്നും, ഓരോ കാര്യത്തിന്റെയും വിശദവിവരം അവൻ അറിയുകയില്ലെന്നും പറയുന്ന ധിക്കാരികളും, അത് ശരിയാണെന്ന് ധരിച്ചുവശായ പാമരൻമാരും മനസ്സിരുത്തി വായിക്കേണ്ടുന്ന ഖുർആൻ വചനങ്ങളാണ് ഇതും, സൂറത്തുസബഇലെ 2 ഉം 3 ഉം പോലുള്ള മറ്റുചില വചനങ്ങളും. ഓരോ സ്ത്രീയും ഗർഭം ധരിക്കുന്നതും, പ്രസവിക്കുന്നതും, ഓരോരുത്തന്റെ ആയുഷ്കാലത്തിന്റെ ഏറ്റക്കുറവുമെല്ലാം കൃത്യമായും സൂക്ഷ്മമായും അറിയുകയും, രേഖപ്പെടുത്തുകയും ചെയ്യുന്നവനത്രെ അല്ലാഹു. ഓരോ കാര്യവും അവന്റെ അടുക്കൽ ഒരു തോതനുസരിച്ചാണുള്ളത്. (كل شيء عنده بمقدار) മാത്രമല്ല, ഭൂമിയിലുള്ള ഓരോ ജീവിക്കും ആഹാരം കൊടുക്കുന്ന കാര്യം അവൻ ഏൽക്കുകയും ചെയ്തിരിക്കുന്നു. (وما من دابة إلا على الله رزقها) മനുഷ്യൻ അത് ആരാഞ്ഞ് തിരിഞ്ഞുപിടിക്കുകയേ വേണ്ടൂ. എന്നിരിക്കെ, കുറച്ചുകാലം കഴിയുമ്പോഴേക്ക് ഈ ലോകത്ത് ജനപ്പെരുപ്പം മൂലം ഭക്ഷണത്തിന് മാർഗമില്ലാതെ പട്ടിണികിടന്ന് മനുഷ്യൻ നശിച്ചുപോകുമെന്ന് ഭയപ്പെട്ടു കൊണ്ടിരിക്കുവാൻ സത്യവിശ്വാസമുള്ള ഒരാൾക്കും അവകാശമില്ല. إن ذلك على الله يسير



വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

(അതൊക്കെ അല്ലാഹുവിന്റെ മേൽ നിസ്സാരമാണ്) എന്നുള്ള ഒടുവിലത്തെ വാക്യം ബുദ്ധിയും, വിശ്വാസവും ഉള്ളവർ ചിന്തിച്ചു നോക്കട്ടെ!

وَمَا يَسْتَوِى ٱلْبَحْرَانِ هَـٰذَا عَذْبٌ فُرَاتٌ سَآئِغٌ شَرَابُهُۥ وَهَـٰذَا مِلْحٌ أُجَاجٌ ۖ

**《12》 രണ്ട് സമുദ്രങ്ങൾ [ജലാശയങ്ങൾ] സമമാവുകയില്ല, ഇതാ ഒന്ന് കുടിക്കുവാനെളുപ്പമുള്ളതായ സ്വച്ഛ ജലം; മറ്റേത് കൈപ്പുരസമായ ഉപ്പു ജലവും!**

وَمِن كُلٍّ تَأْكُلُونَ لَحْمًا طَرِيًّا وَتَسْتَخْرِجُونَ حِلْيَةً تَلْبَسُونَهَا ۖ وَتَرَى ٱلْفُلْكَ فِيهِ مَوَاخِرَ لِتَبْتَغُوا۟ مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ ﴿١٢﴾

**ഓരോന്നിൽനിന്നും നിങ്ങൾ പുതിയ മാംസം തിന്നുകയും നിങ്ങൾ ധരിക്കുന്ന ആഭരണവസ്തു പുറത്തെടുക്കുകയും ചെയ്യുന്നു. അവന്റെ അനുഗ്രഹത്തിൽനിന്ന് നിങ്ങൾ അന്വേഷിക്കുവാൻവേണ്ടി അതിൽ [സമുദ്രത്തിൽ] കൂടി ഭേദിച്ചുകൊണ്ട് കപ്പലുകൾ (സഞ്ചരിക്കുന്നത്) നിനക്ക് കാണാം; നിങ്ങൾ നന്ദി കാണിക്കുകയും ചെയ്തേക്കാമല്ലോ.**

---

《12》 وَمَايَسْتَوِي സമമാവുകയില്ല ٱلْبَحْرَانِ രണ്ട് സമുദ്ര (ജലാശയ)ങ്ങൾ هَـٰذَا ഇത് (ഒന്ന്) عَذْبٌ നല്ല വെള്ളമാണ് فُرَاتٌ ശുദ്ധമായ سَآئِغٌ കുടിക്കാനെളുപ്പം ഉള്ളതാണ് (വേഗം ഇറങ്ങിപ്പോകുന്നതാണ്) شَرَابُهُ അതിലെ പാനീയം وَهَـٰذَا ഇത് (മറ്റേത്) مِلْحٌ ഉപ്പ് (ഉപ്പുരസമുള്ളത്) ആകുന്നു أُجَاجٌ കയ്പ്പായ (ഉപ്പുകവിഞ്ഞ) وَمِن كُلٍّ എല്ലാറ്റിൽനിന്നും تَأْكُلُونَ നിങ്ങൾ തിന്നുന്നു لَحْمًا മാംസം طَرِيًّا പുത്തനായ (പഴക്കമില്ലാത്ത) وَتَسْتَخْرِجُونَ നിങ്ങൾ പുറത്തെടുക്കുകയും ചെയ്യുന്നു حِلْيَةً ആഭരണം, അലങ്കാര വസ്തു تَلْبَسُونَهَا നിങ്ങൾ ധരിക്കുന്ന وَتَرَى നീ കാണുന്നു, നിനക്ക് കാണാം ٱلْفُلْكَ കപ്പലുകൾ فِيهِ അതിൽ مَوَاخِرَ ഭേദിച്ച് (മുറിച്ച്) പോകുന്നതായി لِتَبْتَغُوا നിങ്ങൾ അന്വേഷിക്കുവാൻ (തേടുവാൻ) വേണ്ടി مِن فَضْلِهِ അവന്റെ അനുഗ്രഹത്തിൽനിന്ന് وَلَعَلَّكُمْ നിങ്ങളാകുവാനും, ആയേക്കാം تَشْكُرُونَ നന്ദികാണിക്കും

---

അല്ലാഹു മനുഷ്യർക്ക് ചെയ്തുകൊടുത്തിട്ടുള്ള ചില അനുഗ്രഹങ്ങളെയും, അവയിലടങ്ങിയ ദൃഷ്ടാന്തങ്ങളെയും ഓർമിപ്പിക്കുകയാണ്. സുഖമായി കുടിക്കുവാനും, ഉപയോഗിക്കുവാനും ഉതകുമാറ് രുചിയും, ശുചിയും തികഞ്ഞ ശുദ്ധജലാശങ്ങളും, ചവർപ്പും പുളിപ്പും കവിഞ്ഞ് കൈപ്പുരസമായിത്തീർന്നിട്ടുള്ള ഉപ്പുജലാശയങ്ങളും പ്രകൃത്യാ വ്യത്യസ്തങ്ങളാണല്ലോ. പക്ഷേ, രണ്ടിൽനിന്നും മനുഷ്യന് ഒരു പ്രധാനാഹാരമായ പുതിയ



വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

പച്ചമത്സ്യമാംസങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. മുത്ത്, ചിപ്പി, പവിഴം തുടങ്ങിയ പല വിഭവങ്ങളും അവയിൽ നിന്ന് ലഭിക്കുന്നു. മനുഷ്യരുടെ അലങ്കാരവസ്തുക്കളായും മറ്റും അവ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. ദൂരസഞ്ചാരം ചെയ്തും, ചരക്കുകൾ അങ്ങോട്ടുമിങ്ങോട്ടും നീക്കം ചെയ്തും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ തേടിത്തിരഞ്ഞുകൊണ്ട് മനുഷ്യൻ സമുദ്രത്തിൽ കപ്പൽ യാത്ര നടത്തുന്നു. സമുദ്രജലം ഭേദിച്ചുകൊണ്ടും, തിരമാലകളെ പിന്നിട്ടുകൊണ്ടും കപ്പലുകൾ ഓടിക്കൊണ്ടിരിക്കുന്നു. ഇപ്രകാരം മനുഷ്യന്റെ ഐഹിക ജീവിതാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്ന അല്ലാഹുവിന് അവൻ നന്ദിചെയ്യേണ്ടതില്ലയോ?! നിശ്ചയമായും ഉണ്ട്. അതവന്റെ ഭാവിജീവിത വിജയത്തിലേക്കുള്ള മൂലധനമായി വകയിരുത്തപ്പെടുകയും ചെയ്യും.

يُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِى ٱلَّيْلِ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ كُلٌّ يَجْرِى لِأَجَلٍ مُّسَمًّى ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ لَهُ ٱلْمُلْكُ ۚ وَٱلَّذِينَ تَدْعُونَ مِن دُونِهِۦ مَا يَمْلِكُونَ مِن قِطْمِيرٍ ﴿١٣﴾

**《13》 അവൻ രാത്രിയെ പകലിൽ കടത്തുന്നു; പകലിനെ രാത്രിയിലും കടത്തുന്നു. സൂര്യനെയും, ചന്ദ്രനെയും കീഴ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു; ഓരോന്നും ഒരു നിർണയിക്കപ്പെട്ട അവധിവരേക്ക് സഞ്ചരിക്കുന്നു. അങ്ങനെയുള്ളവനത്രെ, നിങ്ങളുടെ രക്ഷിതാവായ അല്ലാഹു! അവനാണ് രാജാധികാരം! നിങ്ങൾ അവനുപുറമെ വിളിച്ച് (പ്രാർത്ഥിച്ചു) വരുന്നവരാകട്ടെ, ഒരു ഈത്തപ്പഴ(ക്കുരുവിന്റെ) പാട(യുടെ അത്ര)യും അവർ സ്വാധീനപ്പെടുത്തുന്നില്ല.**

---

《13》 يُولِجُ അവൻ കടത്തുന്നു, പ്രവേശിപ്പിക്കുന്നു اللَّيْلَ രാത്രിയെ فِي النَّهَارِ പകലിൽ وَيُولِجُ النَّهَارَ പകലിനെയും കടത്തുന്നു فِي اللَّيْلِ രാത്രിയിൽ وَسَخَّرَ അവൻ കീഴ്പെടുത്തി (വിധേയമാക്കി)ത്തരുകയും ചെയ്തു الشَّمْسَ وَالْقَمَرَ സൂര്യനെയും ചന്ദ്രനെയും كُلٌّ എല്ലാം, ഓരോന്നും يَجْرِي സഞ്ചരിക്കുന്നു لِأَجَلٍ ഒരു അവധിവരേക്ക് مُسَمًّى നിർണയിക്കപ്പെട്ട ذَٰلِكُمُ അവൻ (അങ്ങനെയുള്ളവൻ) اللَّهُ رَبُّكُمْ നിങ്ങളുടെ റബ്ബായ അല്ലാഹുവാണ് لَهُ അവന്നാണ് الْمُلْكُ രാജത്വം, രാജാധികാരം وَالَّذِينَ تَدْعُونَ നിങ്ങൾ വിളിക്കുന്നവർ مِن دُونِهِ അവന് പുറമെ مَا يَمْلِكُونَ അവർ സ്വാധീനമാക്കുന്നില്ല, ഉടമപ്പെടുത്തുന്നില്ല مِن قِطْمِيرٍ ഒരു ഈത്തപ്പാടയും

---

ഉണങ്ങിയ ഉള്ളിത്തൊലിപ്പോലെ, ഈത്തക്കുരുവെ പൊതിഞ്ഞുനിൽക്കുന്ന നേരിയ പാടയാണ് قطمير അവർക്ക് സ്വാധീനമില്ല എന്ന് സാരം. സൂര്യനെയും ചന്ദ്രനെയും കീഴ്പ്പെടുത്തിയതിനെ സംബന്ധിച്ച് പലപ്പോഴും നാം വിവരിച്ചിട്ടുള്ളതാണ്. (*)

---

***(*) ഇന്നിതാ മനുഷ്യൻ ചന്ദ്രഗോളത്തിൽ ഇറങ്ങി തിരിച്ച് പോരുവാൻ തുടങ്ങിയിരിക്കുന്നു. എനിയും, ചന്ദ്രനിലും മറ്റും എന്തെല്ലാമോ അവൻ കൈകാര്യം ചെയ്യാൻ പോകുന്നു. അപ്പോൾ അല്ലാഹുവിന്റെ ഈ പ്രസ്താവന നാൾക്കുനാൾ പുലർന്നു വരികയാണ്.***



വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

إِن تَدْعُوهُمْ لَا يَسْمَعُوا۟ دُعَآءَكُمْ وَلَوْ سَمِعُوا۟ مَا ٱسْتَجَابُوا۟ لَكُمْ ۖ وَيَوْمَ ٱلْقِيَـٰمَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ ﴿١٤﴾

**﴿14﴾ നിങ്ങളവരെ വിളി(ച്ചു പ്രാർത്ഥി)ക്കുന്നപക്ഷം, അവർ നിങ്ങളുടെ വിളി കേൾക്കുകയില്ല; അവർ കേട്ടാലും, അവർ നിങ്ങൾക്ക് ഉത്തരം ചെയ്കയുമില്ല. ക്വിയാമത്ത്നാളിലാകട്ടെ, നിങ്ങളുടെ (ഈ) 'ശിർക്കി'നെ അവർ നിഷേധിക്കുകയും ചെയ്യും. (മനുഷ്യാ) സൂക്ഷ്മജ്ഞാനിയെപ്പോലെയുള്ള ഒരാൾ നിനക്ക് വർത്തമാനമറിയിക്കുവാനില്ല.**

---

﴿14﴾ إِنْ تَدْعُوهُمْ നിങ്ങളവരെ വിളിക്കുന്നപക്ഷം لَا يَسْمَعُوا അവർ കേൾക്കയില്ല دُعَاءَكُمْ നിങ്ങളുടെ വിളി وَلَوْ سَمِعُوا അവർ കേട്ടാലും مَا اسْتَجَابُوا അവർ ഉത്തരം ചെയ്യില്ല لَكُمْ നിങ്ങൾക്ക് وَيَوْمَ الْقِيَامَةِ ക്വിയാമത്ത്നാളിലാകട്ടെ يَكْفُرُونَ അവർ അവിശ്വസിക്കും (നിഷേധിക്കും) يَكْفُرُونَ നിങ്ങളുടെ ശിർക്കിൽ, ശിർക്കിനെ وَلَا يُنَبِّئُكَ നിനക്ക് വർത്തമാനം അറിയിക്കയില്ല مِثْلُ خَبِيرٍ സൂക്ഷ്മജ്ഞാനിയെപ്പോലെയുള്ള (ഒരു)വൻ

---

യാതൊരു വ്യാഖ്യാനവും കൂടാതെത്തന്നെ ഈ വചനങ്ങളുടെ ആശയങ്ങൾ വ്യക്തമാണ്. ഇവിടെ 'നിങ്ങളുടെ ശിർക്ക്' (شرككم) എന്ന് പറഞ്ഞത് അവർ വിളിച്ച് പ്രാർത്ഥിക്കുന്നതിനെ ഉദ്ദേശിച്ചാണെന്ന് പറയേണ്ടതില്ല. ഇത് സംബന്ധിച്ച് സൂ: മർയം 49, 50 എന്നീ വചനങ്ങളുടെ വിവരണത്തിൽ നാം വിവരിച്ചത് ഓർക്കുക. വിളിച്ച് പ്രാർത്ഥിക്കപ്പെടുന്നവർ ആരായിരുന്നാലും അത് ശിർക്ക്തന്നെയാണെന്ന് കഴിഞ്ഞ സൂറ: 40, 41 ലും അവയുടെ വ്യാഖ്യാനത്തിലും നാം കാണുകയും ചെയ്തു. അടുത്ത വചനവും താഴെ 22-ാം വചനവും പരിശോധിച്ചുനോക്കിയാലും മതിയാകും. എന്നിരിക്കെ, മരണമടഞ്ഞ മഹാത്മക്കളെ വിളിച്ച് പ്രാർത്ഥിക്കാമോ, അവരത് കേൾക്കുമോ ഉത്തരം ചെയ്യുമോ എന്നൊന്നും പരിശോധിക്കുകയോ അതിന് ന്യായീകരണം ഉണ്ടാക്കുകയോ ചെയ്യുന്നത് ക്വുർആനെ ധിക്കരിക്കൽ മാത്രമാകുന്നു. ഈ ആയത്തിലെ അവസാനവാക്യം (ولا ينبئك مثل خبير) അങ്ങനെയുള്ളവർക്ക് വമ്പിച്ചൊരു താക്കീതാണ് നൽകുന്നത്. മേൽപറഞ്ഞ വസ്തുതകൾ വിവരിച്ചുതരുന്നത് അല്ലാഹുവാണ്; അവൻ എല്ലാം സസൂക്ഷ്മം അറിയുന്നവനാണ്: അറിഞ്ഞുംകൊണ്ടുതന്നെയാണിതെല്ലാം പറയുന്നതും; ഇത്രയും വ്യക്തമായും വസ്തുനിഷ്ഠമായും ഇവയെക്കുറിച്ച് നിങ്ങൾക്ക് പറഞ്ഞുതരുവാൻ വേറെ ആളില്ല; എന്നിരിക്കെ ഇതിനെതിരായി പ്രവർത്തിക്കുന്നതും ന്യായീകരിക്കുന്നതും ആപത്താണ് എന്നൊക്കെയാണ് ആ വാക്യം ചൂണ്ടിക്കാട്ടുന്നത്.

## വിഭാഗം - 3

۞ يَـٰٓأَيُّهَا ٱلنَّاسُ أَنتُمُ ٱلْفُقَرَآءُ إِلَى ٱللَّهِ ۖ وَٱللَّهُ هُوَ ٱلْغَنِىُّ ٱلْحَمِيدُ ﴿١٥﴾

**﴿15﴾ ഹേ, മനുഷ്യരേ, അല്ലാഹുവിങ്കലേക്ക് ആശ്രയമുള്ളവരത്രെ നിങ്ങൾ.**

**അല്ലാഹുവാകട്ടെ, അവൻ (അനാശ്രയമില്ലാത്ത) ധന്യനാണ്; സ്തുത്യർഹനാണ്.**

إِن يَشَأْ يُذْهِبْكُمْ وَيَأْتِ بِخَلْقٍ جَدِيدٍ ﴿١٦﴾

《16》 അവൻ (വേണമെന്ന്) ഉദ്ദേശിക്കുന്നപക്ഷം, നിങ്ങളെ അവൻ പോക്കി [നശിപ്പിച്ചു] കളയുകയും, ഒരു പുതിയ സൃഷ്ടിയെ കൊണ്ടുവരുകയും ചെയ്യുന്നതാണ്.

وَمَا ذَٰلِكَ عَلَى ٱللَّهِ بِعَزِيزٍ ﴿١٧﴾

《17》 അത് അല്ലാഹുവിന്റെ മേൽ ഒരു വീര്യപ്പെട്ട [പ്രയാസപ്പെട്ട] കാര്യമല്ലതാനും.

---

《15》 يَا أَيُّهَا النَّاسُ ഹേ, മനുഷ്യരേ أَنتُمُ الْفُقَرَاءُ നിങ്ങൾ ആശ്രയക്കാരാണ് إِلَى اللَّهِ അല്ലാഹുവിങ്കലേക്ക് وَاللَّهُ അല്ലാഹു هُوَ الْغَنِيُّ അവൻ ധന്യനാണ്, അന്യാശ്രയനാണ് الْحَمِيدُ സ്തുത്യർഹനാണ് 《16》 إِن يَشَأْ അവൻ ഉദ്ദേശിക്കുന്ന പക്ഷം يُذْهِبْكُمْ നിങ്ങളെ പോക്കിക്കളയും, (നശിപ്പിക്കും) وَيَأْتِ വരുകയും ചെയ്യും بِخَلْقٍ പുതിയൊരു സൃഷ്ടി യുംകൊണ്ട് 《17》 وَمَا ذَٰلِكَ അതല്ലതാനും عَلَى اللَّهِ അല്ലാഹുവിന്റെമേൽ بِعَزِيزٍ ഒരു വീര്യപ്പെട്ട (പ്രയാസമായ) കാര്യം

---

മനുഷ്യന്റെ -അവൻ എത്ര ദുർബ്ബലനോ യോഗ്യനോ ആവട്ടെ- ഓരോ ചലനവും, ഓരോ അടക്കവും അല്ലാഹുവിന്റെ സഹായത്തെ മാത്രം ആശ്രയിക്കുന്നവയാണ്. അല്ലാഹുവിങ്കൽനിന്നുള്ള സഹായം കൂടാതെ ഒരു വിരൽപോലും അനക്കുവാനും, മടക്കുവാനും അവന് സാധ്യമല്ല. അല്ലാഹുവിനാകട്ടെ ആരുടെയും യാതൊരു സഹായവും ആവശ്യവുമില്ല. എന്നിരിക്കെ മനുഷ്യൻ അവന്റെ എല്ലാ അപേക്ഷകളും പ്രാർത്ഥനകളും അല്ലാഹുവിൽ മാത്രമാണ് അർപ്പിക്കേണ്ടത്. ഒരു ദിവസം നബി തിരുമേനി ﷺ യുടെ പുറകിലായി ഒരു വാഹനപ്പുറത്ത് പോകുമ്പോൾ തന്നോട് ഇപ്രകാരം അവിടുന്ന് പറഞ്ഞതായി ഇബ്നു അബ്ബാസ് (റ) ഉദ്ധരിക്കുന്നു:-

يا غلام إني أعلمك كلمات : احفظ الله يحفظك . احفظ الله تجده تجاهك . إذا سألت فاسأل الله . وإذا استعنت فاستعن باالله . وأعلم أن الأمة لو اجتمعت على ان يضروك بشيئ قد كتبه الله الله لك . وان اجتمعوا على ان يضروك بشيئ قد كتبه الله عليك الخ – رواه الترمذى

സാരം: 'കുട്ടി, ഞാൻ നിനക്ക് ചില വാക്യങ്ങൾ പഠിപ്പിച്ചുതരാം: നീ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളുക- അവൻ നിന്നെ സൂക്ഷിക്കും. നീ അല്ലാഹുവിനെ സൂക്ഷിക്കുക- അവനെ നിന്റെ മുമ്പിൽ നീ കണ്ടെത്തും. നീ വല്ലതും ചോദിക്കുന്നപക്ഷം അല്ലാഹുവിനോട് ചോദിക്കുക. നീ വല്ല സഹായാഭ്യർത്ഥനയും ചെയ്യുന്നപക്ഷം അല്ലാഹുവിനോട് സഹായാഭ്യർത്ഥന ചെയ്യുക. നീ അറിഞ്ഞേക്കൂ; നിനക്ക് എന്തെങ്കിലും ഒരു ഉപകാരം ചെയ്യാൻ വേണ്ടി സമുദായം ഒന്നിച്ചുചേർന്നാലും അല്ലാഹു നിനക്ക് നിശ്ചയിച്ചിട്ടുള്ളതല്ലാതെ അവർ ഉപകാരം ചെയ്കയില്ല. നിനക്ക് എന്തെങ്കിലും ഒരു ഉപദ്രവം ചെയ്യാൻ അവർ ഒരുമിച്ചു ചേർന്നാലും അവൻ നിന്റെ പേരിൽ നിശ്ചയിച്ചിട്ടുള്ളതല്ലാതെ അവർ ഉപദ്രവം ചെയ്കയില്ല'. (തി.)

ശിർക്കും ദൈവനിഷേധവും പുലർത്തിപ്പോരുന്ന മനുഷ്യസമുദായത്തെ നശിപ്പിച്ച് പകരം, തികച്ചും അനുസരണവും കൂറും ഭക്തിയുമുള്ള ഒരു ജനസമുദായത്തെ ഇവിടെ സ്ഥാപിക്കുവാൻ അല്ലാഹുവിന് കഴിയും. മനുഷ്യവർഗത്തെത്തന്നെ നാമാവശേഷമാക്കി



വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

വേറൊരു വർഗത്തെ ഭൂമിയിൽ കൊണ്ടുവരുവാനും അവന് കഴിയും. അതൊന്നും അവനെസംബന്ധിച്ചിടത്തോളം ഒട്ടും പ്രയാസപ്പെട്ട കാര്യമല്ല. പക്ഷേ, അവൻ അതിന് ഉദ്ദേശിച്ചിട്ടില്ല. മഹത്തായ ചില ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടിയാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചുവെച്ചിട്ടുള്ളത്. അതുകൊണ്ട് നിശ്ചിത അവധിവരെ അവരെ അവൻ അവശേഷിപ്പിക്കുകയാണ്.

وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۚ وَإِن تَدْعُ مُثْقَلَةٌ إِلَىٰ حِمْلِهَا لَا يُحْمَلْ مِنْهُ شَيْءٌ وَلَوْ كَانَ ذَا قُرْبَىٰٓ ۗ إِنَّمَا تُنذِرُ ٱلَّذِينَ يَخْشَوْنَ رَبَّهُم بِٱلْغَيْبِ وَأَقَامُوا۟ ٱلصَّلَوٰةَ ۚ وَمَن تَزَكَّىٰ فَإِنَّمَا يَتَزَكَّىٰ لِنَفْسِهِۦ ۚ وَإِلَى ٱللَّهِ ٱلْمَصِيرُ ﴿١٨﴾

**《18》 കുറ്റം വഹിക്കുന്ന ഒരു ദേഹവും മറ്റൊന്നിന്റെ കുറ്റം വഹിക്കുകയില്ല. ഭാരം പിടിപെട്ട ഒരു ദേഹം അതിന്റെ ചുമടെടുക്കുന്നതിന് (മറ്റൊരാളെ) വിളിക്കുന്നപക്ഷം, അതിൽനിന്ന് യാതൊന്നും തന്നെ വഹിക്കപ്പെടുന്നതുമല്ല; അത് അടുത്ത ബന്ധമുള്ളവനായിരുന്നാലും ശരി.**

**തങ്ങളുടെ റബ്ബിനെ (നേരിൽ കാണാതെ) അദൃശ്യനിലയിൽ ഭയപ്പെടുകയും, നമസ്കാരം നിലനിറുത്തുകയും ചെയ്യുന്നവരെ മാത്രമേ നീ താക്കീത് ചെയ്യേണ്ടതുള്ളൂ. ആർ (ആത്മ) പരിശുദ്ധി പ്രാപിക്കുന്നുവോ അവൻ, തനിക്ക് (ഗുണത്തിന്) വേണ്ടിത്തന്നെ പരിശുദ്ധി അടയുന്നു. അല്ലാഹുവിങ്കലേക്കാണ് തിരിച്ചുചെല്ലൽ.**

---

《18》 وَلَا تَزِرُ കുറ്റം വഹിക്കയില്ല وَازِرَةٌ ഒരു കുറ്റക്കാരിയും (കുറ്റക്കാരിയായ ദേഹവും, ആത്മാവും) وِزْرَ أُخْرَى മറ്റൊന്നിന്റെ കുറ്റം وَإِنْ تَدْعُ വിളിച്ചാൽ, ക്ഷണിച്ചാൽ مُثْقَلَةٌ ഒരു ഭാരം പിടിപെട്ട ദേഹം إِلَى حِمْلِهَا അതിന്റെ ചുമട്ടിലേക്ക് (ചുമടെടുക്കാൻ) لَا يُحْمَلْ വഹിക്ക (ഏറ്റെടുക്ക)പ്പെടുകയില്ല مِنْهُ شَيْءٌ അതിൽനിന്ന് യാതൊന്നും وَلَوْ كَانَ അത് (അവൻ) ആയിരുന്നാലും ذَا قُرْبَى അടുത്ത ബന്ധമുള്ളവൻ إِنَّمَا تُنْذِرُ നീ താക്കീത് ചെയ്യേണ്ടതുള്ളൂ الَّذِينَ يَخْشَوْنَ ഭയപ്പെടുന്നവരെ (മാത്രം) رَبَّهُمْ തങ്ങളുടെ റബ്ബിനെ بِالْغَيْبِ അദൃശ്യനിലയിൽ, കാണാതെ وَأَقَامُوا الصَّلَاةَ നമസ്കാരം നിലനിറുത്തുകയും ചെയ്ത وَمَنْ تَزَكَّى ആർ, ആരെങ്കിലും പരിശുദ്ധി പ്രാപിച്ചു, ആത്മശുദ്ധിനേടി فَإِنَّمَا يَتَزَكَّى എന്നാലവൻ നിശ്ചയമായും പരിശുദ്ധി പ്രാപിക്കുന്നു لِنَفْسِهِ തനിക്ക് വേണ്ടിത്തന്നെ وَإِلَى اللهِ അല്ലാഹുവിങ്കലേക്കാണ് الْمَصِيرُ തിരിച്ചുചെല്ലൽ

---

ഒരാളുടെ കുറ്റം മറ്റൊരാൾ ഏറ്റെടുക്കുകയോ, മറ്റൊരാളുടെമേൽ ചുമത്തപ്പെടുകയോ, രണ്ടും അല്ലാഹുവിന്റെ കോടതിയിൽ സംഭവിക്കുകയില്ല. കുറ്റഭാരം താങ്ങാൻ വയ്യാത്തവർ, തങ്ങളുടെ ഭാരത്തിൽനിന്നൊരു പങ്ക് വഹിക്കുവാൻ തങ്ങളുടെ ഏറ്റവും

ഉറ്റ ബന്ധുക്കളോടുപോലും അപേക്ഷിച്ചാൽ, ആ അപേക്ഷ സ്വീകരിക്കുവാൻ ആളെ കിട്ടുകയുമില്ല. കാരണം, ഓരോരുത്തർക്കും മതിയാവോളം കാര്യം അവരവർക്കുതന്നെ ഉണ്ടായിരിക്കും. (لِكُلِّ امْرِئٍ مِّنْهُمْ يَوْمَئِذٍ شَأْنٌ يُغْنِيهِ) ഒരാൾ അതിന് സമ്മതിച്ചുവെന്ന് സങ്കൽപിച്ചാൽതന്നെ അത് നടപ്പിലാകുകയുമില്ല. കാരണം, ഓരോരുത്തന് ചെയ്യുന്ന പ്രവൃത്തിയുടെ ഗുണത്തിനും ദോഷത്തിനും ഉത്തരവാദി അവൻതന്നെയാണെന്നാണ് അല്ലാഹുവിങ്കലുള്ള നീതിനിയമം. (لَهَا مَا كَسَبَتْ وَعَلَيْهَا مَا اكْتَسَبَتْ) അപ്പോൾ 'അതിന്റെ കുറ്റം ഞാൻ ഏറ്റുകൊള്ളാം, അത് പ്രവൃത്തിച്ചുകൊള്ളുക' എന്ന് ചിലർ ചില സന്ദർഭങ്ങളിൽ പറയാറുള്ളത് വെറും പാഴ്‌വാക്കാണെന്ന് പറയേണ്ടതില്ല. (സൂ: അൻകബൂത്ത് 12 ഉം 13 ഉം വിവരണം ഓർക്കുക.)

وَمَا يَسْتَوِى ٱلْأَعْمَىٰ وَٱلْبَصِيرُ ﴿١٩﴾

**《19》 അന്ധനും, കാഴ്ചയുള്ളവനും സമമാവുകയില്ല;**

وَلَا ٱلظُّلُمَٰتُ وَلَا ٱلنُّورُ ﴿٢٠﴾

**《20》 അന്ധകാരങ്ങളും, പ്രകാശവുമാകട്ടെ, (അവയും സമമാവുക) ഇല്ല.**

وَلَا ٱلظِّلُّ وَلَا ٱلْحَرُورُ ﴿٢١﴾

**《21》 തണലും, സൂര്യോഷ്ണവും (അഥവാ ഉഷ്ണക്കാറ്റും) ആകട്ടെ, (സമമാവുക) ഇല്ല.**

وَمَا يَسْتَوِى ٱلْأَحْيَآءُ وَلَا ٱلْأَمْوَٰتُ ۚ إِنَّ ٱللَّهَ يُسْمِعُ مَن يَشَآءُ ۖ وَمَآ أَنتَ بِمُسْمِعٍ مَّن فِى ٱلْقُبُورِ ﴿٢٢﴾

**《22》 ജീവിച്ചിരിക്കുന്നവരും, മരണമടഞ്ഞവരുമാകട്ടെ സമമാവുകയില്ല. നിശ്ചയമായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ കേൾപ്പിക്കും. 'ക്വബ്റ്' (ശ്മശാനം)കളിൽ ഉള്ളവരെ നീ കേൾപ്പിക്കുന്നവനല്ല.**

إِنْ أَنتَ إِلَّا نَذِيرٌ ﴿٢٣﴾

**《23》 നീ ഒരു താക്കീതുകാരനല്ലാതെ (മറ്റൊന്നും) അല്ല.**

---

《19》 وَمَا يَسْتَوِي സമമാവുകയില്ല الأَعْمَى അന്ധൻ وَالْبَصِيرُ കാഴ്ചയുള്ളവനും 《20》 وَلَا الظُّلُمَاتُ അന്ധകാരങ്ങളും (ഇരുട്ടുകളും) ഇല്ല وَلَا النُّورُ പ്രകാശവും ഇല്ല 《21》 وَلَا الظِّلُّ തണലുമില്ല وَلَا الْحَرُورُ സൂര്യോഷ്ണവുമില്ല, ഉഷ്ണക്കാറ്റുമില്ല 《22》 وَمَا يَسْتَوِي സമമാവുകയില്ല الأَحْيَاءُ ജീവിച്ചിരിക്കുന്നവർ وَلَا الأَمْوَاتُ മരണപ്പെട്ടവരുമില്ല إِنَّ اللَّهَ നിശ്ചയമായും അല്ലാഹു يُسْمِعُ കേൾപ്പിക്കുന്നു مَنْ يَشَاءُ അവൻ ഉദ്ദേശി

ക്കുന്നവരെ وَمَآأَنتَ നീ അല്ല بِمُسۡمِعٖ കേൾപ്പിക്കുന്നവൻ مَّن فِي ٱلۡقُبُورِ ക്വബ്റുകളിലുള്ള
വരെ ﴾23﴿ إِنۡ أَنتَ നീ അല്ല إِلَّا نَذِيرٌ ഒരു താക്കീതുകാരനല്ലാതെ

സത്യവിശ്വാസവും സത്യനിഷേധവും തമ്മിലും, വിശ്വാസികളും അവിശ്വാസികളും തമ്മിലും– ഒരിക്കലും സന്ധിയും യോജിപ്പും ഉണ്ടാകാത്തവിധം– പരസ്പരം വൈരുദ്ധ്യ മാണുള്ളതെന്ന് ചില ഉദാഹരണങ്ങളാണ് ഇവ എന്ന് മൊത്തത്തിൽ പറയാം. ഓരോ ഉപമയെപ്പറ്റിയും ചിന്തിക്കുന്നവർക്ക് ഓരോന്നിലും അടങ്ങിയ പ്രത്യേകത ഏറെക്കുറെ മനസ്സിലാക്കുവാൻ കഴിയുന്നതുമാണ്, 'ക്വബ്റുകളിലുള്ളവരെ നീ കേൾപ്പിക്കുകയില്ല' എന്നതിനെക്കുറിച്ച് സൂ: നംല് 80 ൽ വിവരിച്ചത് ഇവിടെയും സ്മരിക്കേണ്ടതാകുന്നു. നബി ﷺ ജനങ്ങളെ നിർബന്ധപൂർവ്വം സത്യവിശ്വാസം സ്വീകരിപ്പിക്കുവാൻ ബാദ്ധ്യ സ്ഥനല്ല, അവരെ വേണ്ടപോലെ താക്കീത് ചെയ്താൽമതി എന്നാണ് 23–ാം വചനത്തിന്റെ താൽപര്യം. അല്ലാതെ, സന്തോഷവാർത്ത അറിയിക്കേണ്ടതില്ല എന്നല്ല ഉദ്ദേശ്യം. അടുത്ത വചനം നോക്കുക:

إِنَّآ أَرۡسَلۡنَٰكَ بِٱلۡحَقِّ بَشِيرٗا وَنَذِيرٗاۚ وَإِن مِّنۡ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٞ ﴿٢٤﴾

**﴾24﴿ നിശ്ചയമായും നാം നിന്നെ സന്തോഷവാർത്ത അറിയിക്കുന്നവ നും, താക്കീത് നൽകുന്നവനുമായി ക്കൊണ്ട് യഥാർത്ഥ (മത)ത്തോടു കൂടി അയച്ചിരിക്കുന്നു. ഒരു സമുദാ യവും തന്നെ, അതിൽ ഒരുതാക്കീതു കാരൻ കഴിഞ്ഞുപോകാതെയി രുന്നിട്ടില്ല.**

وَإِن يُكَذِّبُوكَ فَقَدۡ كَذَّبَ ٱلَّذِينَ مِن قَبۡلِهِمۡ جَآءَتۡهُمۡ رُسُلُهُم بِٱلۡبَيِّنَٰتِ وَبِٱلزُّبُرِ وَبِٱلۡكِتَٰبِ ٱلۡمُنِيرِ ﴿٢٥﴾

**﴾25﴿ ഇവർ നിന്നെ വ്യാജമാക്കു ന്നുവെങ്കിൽ, ഇവരുടെ മുമ്പുള്ളവരും (ഇതുപോലെ) വ്യാജമാക്കുകയുണ്ടാ യിട്ടുണ്ട്. അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളോടും, ഏടു കളോടും, പ്രകാശം നൽകുന്ന വേദഗ്രന്ഥത്തോടും കൂടി അവരുടെ അടുക്കൽ ചെന്നിരുന്നു.**

ثُمَّ أَخَذۡتُ ٱلَّذِينَ كَفَرُواْۖ فَكَيۡفَ كَانَ نَكِيرِ ﴿٢٦﴾

**﴾26﴿ പിന്നീട്, (അവരിൽ) അവി ശ്വസിച്ചവരെ ഞാൻ പിടിച്ച് (ശിക്ഷി ച്ചു). അപ്പോൾ എന്റെ പ്രതിഷേധം എങ്ങനെയായി (–നോക്കുക)?!**

﴾24﴿ إِنَّآ أَرۡسَلۡنَٰكَ നിശ്ചയമായും നാം നിന്നെ അയച്ചിരിക്കുന്നു بِٱلۡحَقِّ യഥാർത്ഥ
ത്തോടുകൂടി بَشِيرٗا സന്തോഷമറിയിക്കുന്നവനായിട്ടും وَنَذِيرٗا താക്കീതുകാരനായും
نَذِيرٞ ഒരു സമുദായവും തന്നെയില്ല إِلَّا خَلَا കഴിഞ്ഞുപോകാതെ فِيهَا അതിൽ وَإِن مِّنۡ أُمَّةٍ



വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ഒരു താക്കീതുകാരൻ ﴾25﴿ وَإِن يُكَذِّبُوكَ അവർ (ഇവർ) നിന്നെ കളവാക്കുകയാണെങ്കിൽ فَقَدْ كَذَّبَ എന്നാൽ കളവാക്കിയിട്ടുണ്ട് الَّذِينَ مِن قَبْلِهِمْ ഇവരുടെ (അവരുടെ) മുമ്പുള്ളവർ جَاءَتْهُمْ അവർക്ക് വന്നു, ചെന്നു رُسُلُهُم അവരുടെ റസൂലുകൾ بِالْبَيِّنَاتِ വ്യക്തമായ തെളിവുകൾകൊണ്ട് وَبِالزُّبُرِ ഏടുകൾകൊണ്ടും وَبِالْكِتَابِ വേദഗ്രന്ഥംകൊണ്ടും الْمُنِيرِ പ്രകാശം നൽകുന്ന ﴾26﴿ ثُمَّ أَخَذْتُ പിന്നെ ഞാൻ പിടിച്ചു الَّذِينَ كَفَرُوا അവിശ്വസിച്ചവരെ فَكَيْفَ كَانَ അപ്പോൾ എങ്ങനെയായി نَكِيرِ എന്റെ പ്രതിഷേധം

ഏതെങ്കിലും ഒരു പ്രത്യേക ജനവിഭാഗത്തിനാണ് امة (ഉമ്മത്ത് = സമുദായം) എന്ന് പറയുന്നത്. തൗഹീദ് പ്രബോധനം ചെയ്യാനും അതിനെ അംഗീകരിക്കാത്തവർക്ക് അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്യാനും പ്രവാചകൻമാർ നിയോഗിക്കപ്പെടാത്ത ഒരു സമുദായവും ഉണ്ടായിട്ടില്ല. അത് നിഷേധിച്ച സമുദായങ്ങളുടെമേൽ അല്ലാഹു ശിക്ഷാനടപടി എടുത്തിട്ടുമുണ്ട്. ഈ സമുദായവും അത് ഓർത്തിരിക്കട്ടെ എന്ന് സാരം. എന്നാൽ, ഓരോ സമുദായത്തിലുമുണ്ടായിരുന്ന പ്രവാചകൻമാരെക്കുറിച്ച് നമുക്ക് വിശദമായി അറിവ് കിട്ടിയിട്ടില്ല. ക്വുർആനിൽ പ്രസ്താവിക്കപ്പെട്ടവരെ സംബന്ധിച്ച് മാത്രമേ നമുക്ക് അറിവ് ലഭിച്ചിട്ടുള്ളൂ. അല്ലാഹു പറയുന്നു: وَلَقَدْ أَرْسَلْنَا رُسُلاً مِّن قَبْلِكَ مِنْهُم مَّن قَصَصْنَا عَلَيْكَ وَمِنْهُم مَّن لَّمْ نَقْصُصْ عَلَيْكَ (നിനക്കുമുമ്പ് നാം പല റസൂലുകളെയും അയക്കുകയുണ്ടായിട്ടുണ്ട്. നാം നിനക്ക് വിവരിച്ച് തന്നിട്ടുള്ളവരും അവരിലുണ്ട്. നിനക്ക് വിവരിച്ച് തന്നിട്ടില്ലാത്തവരും അവരിലുണ്ട്. 40 : 78 ആകയാൽ നമുക്ക് വിവരം സിദ്ധിച്ചവരിൽ പ്രത്യേകം പ്രത്യേകമായും, അല്ലാത്തവരിൽ പൊതുവായും നാം വിശ്വസിക്കുന്നു. വിശ്വസിക്കൽ നിർബന്ധവുമാണ്.

നബിമാർക്ക് അല്ലാഹു നൽകിയ മൂന്നുതരം ലക്ഷ്യങ്ങളെ ഇവിടെ എടുത്തുകാട്ടുന്നു:

1. വ്യക്തമായ തെളിവുകൾ (البينات) ബുദ്ധികൊണ്ട് കണ്ടെത്താവുന്ന യുക്തിന്യായങ്ങളും, പ്രകൃതിദൃഷ്ടാന്തങ്ങളും, അമാനുഷിക ദൃഷ്ടാന്തങ്ങളും ഇതിൽ ഉൾപ്പെടും.

2. ഏടുകൾ (الزبر) അഥവാ ഇബ്റാഹീം നബി (അ), ദാവൂദ് നബി (അ) മുതലായവർക്ക് നൽകപ്പെട്ടതുപോലെയുള്ള ഏടുകൾ.

3. പ്രകാശം നൽകുന്ന വേദഗ്രന്ഥം (الكتاب المنير). തൗറാത്ത്, ഇൻജീൽ എന്നീ വേദഗ്രന്ഥങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

രണ്ട് കാര്യങ്ങൾ ഇവിടെ അറിയുന്നത് നന്നായിരിക്കും: 1) ഓരോ സമുദായത്തിലും പ്രവാചകൻമാർ കഴിഞ്ഞുപോയിട്ടുണ്ടെന്ന് അല്ലാഹു പറഞ്ഞുവല്ലോ. അതിനാൽ, ഏതെങ്കിലും സമുദായക്കാർ തങ്ങളുടെ മതാചാര്യൻമാരായി എണ്ണിവരുന്നവരെല്ലാം നബിമാരായിരുന്നുവെന്ന് നിശ്ചയിക്കുവാൻ നിവൃത്തിയില്ല. ഒരുപക്ഷേ ആയിരിക്കാം; തൗഹീദ് മുതലായ മൗലികസിദ്ധാന്തങ്ങൾക്കെതിരായി ആ സമുദായത്തിൽ സ്ഥിതിചെയ്യുന്ന വിശ്വാസാചാരങ്ങൾ പിൽക്കാലത്ത് ഉടലെടുത്തതുമായിരിക്കാം എന്നുമാത്രമേ പറയുവാൻ സാധിക്കൂ. രണ്ടിലൊന്ന് തീർത്തുപറയുവാൻ തക്കതായ ചരിത്രലക്ഷ്യംതന്നെ വേണം.

2) 24-ാം വചനത്തിൽ 'കഴിഞ്ഞുപോയി' എന്ന് നാം അർത്ഥം കൽപിച്ചത് خلا (ഖലാ) (*) എന്ന ക്രിയക്കാണ്. 'കഴിഞ്ഞു, ഒഴിഞ്ഞു, തീർന്നു, കാലിയായി, ഒഴിഞ്ഞു പോയി' എന്നൊക്കെയാണ് ആ ക്രിയയുടെ അർത്ഥം. സ്ഥലത്തിലോ കാലത്തിലോ വരുന്ന ഒഴിവിനെ ഉദ്ദേശിച്ച് അത് ഉപയോഗിക്കപ്പെടുന്നു. 'മരണപ്പെട്ടു' എന്ന ആ വാക്കിന് അർത്ഥമില്ലതന്നെ. മരണംമൂലം ഉണ്ടാകുന്ന ഒഴിവിലും ഉപയോഗിക്കുമെന്ന് മാത്രം. ക്വുർ ആനിൽ 28 സ്ഥലങ്ങളിൽ ഈ ക്രിയയിൽ നിന്നുള്ള പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. 'മരണമടഞ്ഞു' എന്നുമാത്രം അർത്ഥം നൽകേണ്ടതായ ഒരു ഉദാഹരണവും അതിൽ കാണുകയില്ല. ഈസാ നബി (അ) ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ, അതല്ല മരണപ്പെട്ടുപോയിരിക്കുന്നുവോ എന്ന വിഷയം -ക്വുർആന്റെയും ഹദീഥുകളുടെയും വ്യക്തമായ പ്രസ്താവനകൾ തൃപ്തി അടയാതെ- ഇന്ന് പലരും ജനങ്ങളിൽ ആശയക്കുഴപ്പത്തിനും, കക്ഷി താൽപര്യത്തിനും ഇടയാക്കിയിരിക്കുകയാണല്ലോ. ഈസാ നബി (അ) മരണപ്പെട്ടിട്ടുണ്ടെന്ന് സ്ഥാപിക്കുന്നതിൽ താൽപര്യമുള്ളവർ തങ്ങൾക്ക് തെളിവുകളായി സമർപ്പിക്കാറുള്ള ഒന്നാണ് ഈ വചനം. ഈ തെളിവ് സ്വീകാര്യമല്ലെന്ന് മേൽപറഞ്ഞതിൽനിന്ന് വ്യക്തമാണ്.

## വിഭാഗം - 4

أَلَمْ تَرَ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجْنَا بِهِۦ ثَمَرَٰتٍ مُّخْتَلِفًا أَلْوَٰنُهَا ۚ وَمِنَ ٱلْجِبَالِ جُدَدٌۢ بِيضٌ وَحُمْرٌ مُّخْتَلِفٌ أَلْوَٰنُهَا وَغَرَابِيبُ سُودٌ ﴿٢٧﴾

**﴿27﴾ അല്ലാഹു ആകാശത്തുനിന്ന് വെള്ളം ഇറക്കിയിട്ടുള്ളത് നീ കണ്ടില്ലേ?-**

**എന്നിട്ട് അതുമൂലം നാം [അല്ലാഹു] വർണങ്ങൾ വ്യത്യസ്തമായിക്കൊണ്ട് ഫലവർഗങ്ങളെ ഉൽപാദിപ്പിച്ചു. മലകളിലുംതന്നെ, വർണങ്ങൾ വ്യത്യസ്തമായ- വെളുപ്പും ചുവപ്പുമായ -(തെളിഞ്ഞ) വഴികളും, തനി കറുത്തിരുണ്ടവയും ഉണ്ട്.**

---

﴿27﴾ أَلَمْ تَرَ നീ കണ്ടില്ലേ أَنَّ اللهَ أَنزَلَ അല്ലാഹു ഇറക്കിയിട്ടുള്ളത് مِنَ السَّمَاءِ ആകാശത്തുനിന്ന് مَاءً വെള്ളം فَأَخْرَجْنَا بِهِ എന്നിട്ട് അത്മൂലം നാം പുറപ്പെടുവിച്ചു (ഉല്പാദിപ്പിച്ചു) ثَمَرَاتٍ ഫല (വർഗ)ങ്ങളെ مُخْتَلِفًا വ്യത്യസ്തമായിട്ട് أَلْوَانُهَا അവയുടെ വർണങ്ങൾ وَمِنَ الْجِبَالِ മലകളിലുണ്ട് جُدَدٌ വഴികൾ بِيضٌ വെളുത്തവ وَحُمْرٌ ചുവന്നവയും مُخْتَلِفٌ أَلْوَانُهَا അവയുടെ വർണങ്ങളിൽ വ്യത്യസ്തമായ (കാക്കയെപ്പോലെ) കറുത്തിരുണ്ടവയും وَغَرَابِيبُ കറുത്ത

(*) الخلو يستعمل في الزمان والمكان – مفردات الراغب

وَمِنَ ٱلنَّاسِ وَٱلدَّوَآبِّ وَٱلْأَنْعَـٰمِ مُخْتَلِفٌ أَلْوَٰنُهُۥ كَذَٰلِكَ ۗ إِنَّمَا يَخْشَى ٱللَّهَ مِنْ عِبَادِهِ ٱلْعُلَمَـٰٓؤُا۟ ۗ إِنَّ ٱللَّهَ عَزِيزٌ غَفُورٌ ﴿٢٨﴾

**﴾28﴿ മനുഷ്യരിലും, ജീവജന്തുക്കളിലും, കന്നുകാലികളിലുമുണ്ട് അതുപോലെ വർണവ്യത്യാസമുള്ളത്. അല്ലാഹുവിന്റെ അടിയാൻമാരിൽനിന്ന് അറിവുള്ളവർ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ. നിശ്ചയമായും, അല്ലാഹു പ്രതാപശാലിയാണ്, വളരെ പൊറുക്കുന്നവനാണ്.**

---

﴾28﴿ وَمِنَ النَّاسِ മനുഷ്യരിലുണ്ട് وَالدَّوَابِّ ജീവജന്തുക്കളിലും وَالأَنْعَامِ കന്നുകാലി (ആടുമാടൊട്ടകം)കളിലും مُخْتَلِفٌ أَلْوَانُهُ വർണം വ്യത്യസ്തമായത് كَذَٰلِكَ അതുപോലെ إِنَّمَا يَخْشَى തീർച്ചയായും ഭയപ്പെടുന്നുള്ളൂ اللهَ അല്ലാഹുവിനെ مِنْ عِبَادِهِ അവന്റെ അടിയാൻമാരിൽനിന്ന് الْعُلَمَاءُ അറിവുള്ളവർ (മാത്രം) إِنَّ اللهَ നിശ്ചയമായും അല്ലാഹു عَزِيزٌ പ്രതാപശാലിയാണ് غَفُورٌ വളരെ പൊറുക്കുന്നവനാണ്

---

മനുഷ്യൻ നിത്യേന പരിചയപ്പെട്ടുകൊണ്ടിരിക്കുന്ന വസ്തുക്കളിൽപോലും- ഒരേ ഇനത്തിൽതന്നെ- വർണ വൈവിധ്യങ്ങളും, ജാതി വ്യത്യാസങ്ങളും കാണുന്നതിനെക്കുറിച്ച് ചിന്തിക്കുവാൻ മനുഷ്യനെ അല്ലാഹു ആഹ്വാനം ചെയ്യുന്നു. ഒരേ മഴവെള്ളം, ഒരേതരം വളം, ഒരേ ഭൂമി, ഇവയിൽനിന്നുൽഭവിച്ച ഫലവർഗങ്ങൾ നോക്കുക! ഒന്നൊന്നിൽനിന്ന് നിറത്തിലും, രൂപത്തിലും വ്യത്യസ്തമായിരിക്കും. മലകൾ നോക്കുക! അവയും, അവയിലുള്ള വഴികളും വ്യത്യസ്ത രൂപത്തിലും വർണത്തിലും! മനുഷ്യരടക്കമുള്ള എല്ലാ ജീവികളും, അവർ നിത്യം ഉപയോഗപ്പെടുത്തിവരുന്ന കന്നുകാലികളും അങ്ങനെത്തന്നെ. ചുരുക്കിപ്പറഞ്ഞാൽ, വർണം, ആകൃതി, രുചി, ഗുണം ആദിയായവയുടെ ആധിക്യം നിമിത്തം അവയ്ക്ക് ഒരു നിദാനം കണ്ടെത്തുവാൻ മനുഷ്യന് കഴിയുന്നില്ല. ഈ കാലമത്രയും ഈ ലോകത്ത് പുരോഗമിച്ചുകൊണ്ടേ ഇരുന്ന മനുഷ്യന് -കണ്ടതിനെല്ലാം പേരും പരിധിയും പറയുവാൻ വെമ്പുന്ന മനുഷ്യന് -വർണം, രുചി, ആകൃതി മുതലായവയിൽ -വിരൽകൊണ്ടെണ്ണാവുന്ന എണ്ണങ്ങൾ മാത്രമേ ഇതേവരെ പേരുപറയുവാൻ പോലും കഴിഞ്ഞിട്ടുള്ളു. ബാക്കിയുള്ളതിലെല്ലാം ചെറുശിശുക്കളെപ്പോലെ, 'ഇന്നതിന്റെ വർണം, അല്ലെങ്കിൽ ഇന്നതിന്റെ രുചി, ഇന്നതിന്റെ രൂപം' എന്നൊക്കെ പറയുവാനേ നാളിതുവരെ അവന് സാധിച്ചിട്ടുള്ളൂ.

അറിവുള്ളവരേ അല്ലാഹുവിനെ ഭയപ്പെടുകയുള്ളൂ എന്ന് പറഞ്ഞുവല്ലോ. ഇവിടെ 'അറിവു'കൊണ്ടുദ്ദേശ്യം ഏതാണെന്ന് നോക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ അപ്രീതിയും, ശിക്ഷയും സൂക്ഷിക്കുക, അതിന്നാസ്പദമായ അവന്റെ വിധിവിലക്കുകൾ സ്വീകരിക്കുക, ഇതാണ് അല്ലാഹുവിനെ ഭയപ്പെടുക എന്നതിന്റെ താല്പര്യം. ഇതിന് ഉപയുക്തമായ അറിവാണ് ഇവിടെ ഉദ്ദേശ്യമെന്ന് പറയേണ്ടതില്ല. അഥവാ ഭൗതിക ലക്ഷ്യങ്ങളെ ഉന്നംവെച്ചുകൊണ്ടുള്ളതോ, ദൈവവിശ്വാസത്തെയും ധാർമികബോധത്തെയും നശിപ്പിച്ചുകളയുന്നതോ ആയ അറിവുകളല്ല ഉദ്ദേശ്യം. അല്ലാഹു പറയുന്നു:

فَأَعْرِضْ عَن مَّن تَوَلَّى عَن ذِكْرِنَا وَلَمْ يُرِدْ إِلاَّ الْحَيَاةَ الدُّنْيَا ذَٰلِكَ مَبْلَغُهُم مِّنَ الْعِلْمِ- النجم

(നമ്മുടെ ഓർമവിട്ട് തിരിഞ്ഞുപോകുകയും, ഐഹികജീവിതത്തെയല്ലാതെ ഉദ്ദേശിക്കാതിരിക്കുകയും ചെയ്തവരിൽനിന്ന് നീ വിട്ടുമാറുക. അറിവിൽനിന്നുമുള്ള അവരുടെ ആകെത്തുക അതാണ്. (സൂ: നജ്മ് 29, 30) അപ്പോൾ ഇവിടെ അറിവുകൊണ്ടുദ്ദേശ്യം നബിമാരുടെ അറിവുകളും അവർ സമുദായത്തിന് പ്രബോധനം ചെയ്ത വിജ്ഞാനങ്ങളും ആയിരിക്കുവാനേ മാർഗമുള്ളൂ. ഒരു സന്ദർഭത്തിൽ നബി ﷺ ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി: (فوالله إنى لا عليهم بالله واشدهم له خشية (متفق عليه) (അല്ലാഹുവാണ സത്യം! ഞാൻ അല്ലാഹുവിനെക്കുറിച്ച് അവരെക്കാൾ അറിയുന്നവനും, അവരെക്കാൾ കഠിനമായി അവനെ ഭയപ്പെടുന്നവനുമാണ്. (ബു; മു.) അല്ലാഹുവിനെക്കുറിച്ച് എറ്റവും അറിവുള്ള ആൾ നബി ﷺ യാകകൊണ്ടാണ്, അവനെക്കുറിച്ച് അവിടുത്തേക്ക് കൂടുതൽ ഭയമുണ്ടായതെന്നും, അല്ലാഹുവിനെക്കുറിച്ചുള്ള അറിവിന്റെ ഏറ്റക്കുറവനുസരിച്ച് ഭയപ്പാടിലും വ്യത്യാസം വരുമെന്നും ഇതിൽ നിന്ന് വ്യക്തമാണ്. മറ്റൊരിക്കൽ -ഒരു പ്രസംഗത്തിൽ തന്നെ- തിരുമേനി ﷺ പറഞ്ഞു (لو تعلمون ما اعلم لضحكتم قليلا ولبكيتم كثيرا (متفق عليه) (എനിക്ക് അറിയാവുന്നത് നിങ്ങൾക്കറിയാമായിരുന്നെങ്കിൽ നിങ്ങൾ അൽപം ചിരിക്കുകയും ധാരാളം കരയുകയും ചെയ്യുമായിരുന്നു (ബു; മു.). അല്ലാഹുവിന്റെ സ്മരണയും ഭയപ്പാടും പ്രദാനം ചെയ്യുന്ന അറിവ് ലഭിക്കുവാനുള്ള ഒരു പ്രധാന മാർഗം വിശുദ്ധ ക്വുർആനാണെന്ന് തുടർന്നുള്ള ആയത്തിൽനിന്ന് ഗ്രഹിക്കാവുന്നതാണ്;-

إِنَّ ٱلَّذِينَ يَتْلُونَ كِتَـٰبَ ٱللَّهِ وَأَقَامُوا۟ ٱلصَّلَوٰةَ وَأَنفَقُوا۟ مِمَّا رَزَقْنَـٰهُمْ سِرًّا وَعَلَانِيَةً يَرْجُونَ تِجَـٰرَةً لَّن تَبُورَ ﴿٢٩﴾

**﴾29﴿ നിശ്ചയമായും, അല്ലാഹുവിന്റെ വേദഗ്രന്ഥം പാരായണം ചെയ്തുകൊണ്ടിരിക്കുകയും, നമസ്കാരം നിലനിറുത്തുകയും, നാം തങ്ങൾക്ക് നൽകിയതിൽനിന്ന് രഹസ്യമായും പരസ്യമായും ചിലവഴിക്കുകയും ചെയ്യുന്നവർ, നഷ്ടപ്പെട്ടുപോകുന്നതേയല്ലാത്ത ഒരു വ്യാപാരത്തെ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്;-**

لِيُوَفِّيَهُمْ أُجُورَهُمْ وَيَزِيدَهُم مِّن فَضْلِهِۦٓ ۚ إِنَّهُۥ غَفُورٌ شَكُورٌ ﴿٣٠﴾

**﴾30﴿ അവർക്ക് തങ്ങളുടെ പ്രതിഫലങ്ങൾ അവൻ [അല്ലാഹു] നിറവേറ്റിക്കൊടുക്കുവാനും, അവന്റെ ദയാനുഗ്രഹത്തിൽനിന്ന് അവർക്ക് വർദ്ധിപ്പിച്ചുകൊടുക്കുവാനും വേണ്ടി. (അതിനാണവർ പ്രവർത്തിക്കുന്നത്.) നിശ്ചയമായും അവൻ വളരെ പൊറുക്കുന്നവനാണ്, വളരെ നന്ദിയുള്ളവനാണ്.**

---

﴾29﴿ إِنَّ الَّذِينَ നിശ്ചയമായും യാതൊരുകൂട്ടർ يَتْلُونَ പാരായണം ചെയ്യുന്ന, ഓതുന്ന كِتَابَ اللَّهِ അല്ലാഹുവിന്റെ (വേദ)ഗ്രന്ഥം وَأَقَامُوا നിലനിറുത്തുകയും ചെയ്ത الصَّلَاةَ നമ

സ്കാരം وَأَنفَقُوا ചിലവഴിക്കുകയും مِمَّا رَزَقْنَاهُمْ നാം അവർക്ക് നൽകിയതിൽനിന്ന് سِرًّا രഹസ്യമായി وَعَلَانِيَةً പരസ്യമായും يَرْجُونَ അവർ ആഗ്രഹിക്കുന്നു, പ്രതീക്ഷി ക്കുന്നു تِجَارَةً ഒരു വ്യാപാരം, കച്ചവടം لَّن تَبُورَ (ഒരിക്കലും) നഷ്ടപ്പെടാത്ത ﴾30﴿ لِيُوَفِّيَهُمْ അവൻ അവർക്ക് നിറവേറ്റിക്കൊടുക്കുവാൻ أُجُورَهُمْ തങ്ങളുടെ പ്രതിഫലങ്ങളെ وَيَزِيدَهُم തങ്ങൾക്ക് വർദ്ധിപ്പിച്ചുകൊടുക്കുവാനും مِّن فَضْلِهِ അവന്റെ അനുഗ്രഹത്തിൽ (ദയവിൽ. ഔദാര്യത്തിൽ) നിന്ന് إِنَّهُ നിശ്ചയമായും അവൻ غَفُورٌ വളരെ പൊറുക്കുന്ന വനാണ് شَكُورٌ വളരെ നന്ദിയുള്ളവനാണ്

---

വേദഗ്രന്ഥം ഖുർആനാണെന്ന് വ്യക്തമാണ്. അതിന്റെ അർത്ഥം അറിയാതെയും, ഉള്ളടക്കം ശ്രദ്ധിക്കാതെയും ഉരുവിടുകയല്ല പാരായണം കൊണ്ടുദ്ദേശ്യം. അതിന്റെ ആശ യങ്ങൾ ഗ്രഹിച്ചും, ചിന്തിച്ചുംകൊണ്ടായിരിക്കണം അത്. എന്നാൽ മാത്രമേ അത് ഫല പ്പെടുകയുള്ളൂ. ഖുർആൻ പാരായണത്തെപ്പറ്റി മുഖവുരയിൽ നാം വിസ്തരിച്ച് പറഞ്ഞി ട്ടുണ്ട്. 'പാരായണം ചെയ്യുക, ഓതുക' എന്നീ അർത്ഥങ്ങളുള്ള يتلوا എന്ന പദത്തിന് പിൻതുടരുക എന്നും അർത്ഥമുണ്ട്. ഈ അർത്ഥമാണ് ചില ഖുർആൻ വ്യാഖ്യാതാ ക്കൾ ഇവിടെ സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്താവ്യമാണ്. വിശുദ്ധഖുർആൻ വഴി അറിവും ബോധവും ലഭിക്കുന്നു. അതിന്റെ പ്രതികരണം പ്രവർത്തനരംഗത്ത് വരുമ്പോൾ നമ സ്കാരത്തിനും ദാനധർമങ്ങൾക്കും അതിൽനിന്ന് പ്രചോദനം ലഭിക്കുകയും ചെയ്യുന്നു. ഈ വ്യാപാരത്തിന്റെ ഫലമാകട്ടെ, ഒരിക്കലും മുറിഞ്ഞുപോകാത്ത വർദ്ധിച്ച ലാഭവും! സ്വാഭാവികമായി വന്നുപോയേക്കാവുന്ന തെറ്റുകുറ്റങ്ങൾ അല്ലാഹു പൊറുത്തുകൊടു ക്കുകയും, സദുദ്ദേശ്യത്തോടുകൂടി ചെയ്യപ്പെടുന്ന സൽക്കർമങ്ങളെ നന്ദിപൂർവ്വം സ്വീക രിച്ച് കൂടുതൽ വളർത്തിക്കൊണ്ടിരിക്കുകയും ചെയ്യും. പരസ്യമായി ചിലവഴിക്കേണ്ടിവ രുമ്പോൾ പരസ്യമായും, അല്ലാത്തപ്പോൾ രഹസ്യമായും ചിലവഴിക്കുക, അഥവാ ആവ ശ്യവും സന്ദർഭവും അനുസരിച്ച് ചിലവാക്കുക എന്നാണ് 'രഹസ്യമായും പരസ്യമായും' (سرا و علانية) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം.

وَٱلَّذِىٓ أَوْحَيْنَآ إِلَيْكَ مِنَ ٱلْكِتَٰبِ هُوَ ٱلْحَقُّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ ۗ إِنَّ ٱللَّهَ بِعِبَادِهِۦ لَخَبِيرٌۢ بَصِيرٌ ﴿٣١﴾

**﴾31﴿ വേദഗ്രന്ഥത്തിൽനിന്ന് നിനക്ക് നാം 'വഹ്യ്' [ബോധനം] നൽകിയിട്ടുള്ളതോ അതത്രെ യഥാർത്ഥം; അതിന്റെ മുമ്പിലുള്ള തിനെ [പൂർവ്വഗ്രന്ഥങ്ങളെ] സത്യ മാക്കി (ശരിവെച്ച്) കൊണ്ടാണ് (അതുള്ളത്). നിശ്ചയമായും, അല്ലാഹു അവന്റെ അടിയാൻമാരെ പ്പറ്റി സൂക്ഷ്മമായറിയുന്നവനും കാണുന്നവനുംതന്നെ.**

ثُمَّ أَوْرَثْنَا ٱلْكِتَـٰبَ ٱلَّذِينَ ٱصْطَفَيْنَا مِنْ عِبَادِنَا ۖ فَمِنْهُمْ ظَالِمٌ لِّنَفْسِهِۦ وَمِنْهُم مُّقْتَصِدٌ وَمِنْهُمْ سَابِقٌۢ بِٱلْخَيْرَٰتِ بِإِذْنِ ٱللَّهِ ۚ ذَٰلِكَ هُوَ ٱلْفَضْلُ ٱلْكَبِيرُ ﴿٣٢﴾

**﴿32﴾ പിന്നെ, നമ്മുടെ അടിയാൻമാരിൽനിന്ന് (നല്ലവരായി) നാം തിരഞ്ഞെടുത്തിട്ടുള്ളവർക്ക് (ഈ) വേദഗ്രന്ഥത്തെ നാം അവകാശപ്പെടുത്തിയിരിക്കുന്നു. എന്നാൽ, സ്വന്തം ആത്മാവിനോട് അക്രമം പ്രവർത്തിക്കുന്നവർ അവരിലുണ്ട്; മിതം പാലിക്കുന്നവരും അവരിലുണ്ട്. അല്ലാഹുവിന്റെ അനുമതിയനുസരിച്ച് സൽകാര്യങ്ങളുമായി മുൻകടക്കുന്നവരും അവരിലുണ്ട്. അതത്രെ വലുതായ അനുഗ്രഹം (അഥവാ യോഗ്യത)**

---

﴿31﴾ وَالَّذِيٓ أَوْحَيْنَآ നാം വഹ്‌യ് നൽകിയിട്ടുള്ളത് إِلَيْكَ നിനക്ക് مِنَ الْكِتَابِ വേദഗ്രന്ഥത്തിൽനിന്ന് هُوَ الْحَقُّ അതാണ് യഥാർത്ഥം مُصَدِّقًا സത്യമാക്കിക്കൊണ്ട്, ശരിവെക്കുന്നനിലയിൽ لِمَا بَيْنَ يَدَيْهِ അതിന്റെ മുമ്പിലുള്ളതിനെ إِنَّ اللهَ നിശ്ചയമായും അല്ലാഹു بِعِبَادِهِ തന്റെ അടിയാൻമാരെപ്പറ്റി لَخَبِيرٌ സൂക്ഷ്മജ്ഞാനിതന്നെ بَصِيرٌ കാണുന്നവൻ ﴿32﴾ ثُمَّ أَوْرَثْنَا പിന്നെ നാം അനന്തരം നൽകി, അവകാശപ്പെടുത്തി الْكِتَابَ വേദഗ്രന്ഥം الَّذِينَ اصْطَفَيْنَا നാം തിരഞ്ഞെടുത്തവർക്ക് مِنْ عِبَادِنَا നമ്മുടെ അടിയാൻമാരിൽനിന്ന് فَمِنْهُمْ എന്നാലവരിലുണ്ട് ظَالِمٌ لِنَفْسِهِ തന്നോട് അക്രമം ചെയ്തവൻ وَمِنْهُمْ അവരിലുണ്ട് مُقْتَصِدٌ മിതം പാലിക്കുന്നവനും وَمِنْهُمْ അവരിലുണ്ട് سَابِقٌ മുൻകടന്നവനും بِالْخَيْرَاتِ സൽകാര്യങ്ങൾ (നന്മകൾ) കൊണ്ട് بِإِذْنِ اللهِ അല്ലാഹുവിന്റെ അനുമതി (സമ്മതം) പ്രകാരം ذَٰلِكَ هُوَ അതുതന്നെയാണ് الْفَضْلُ അനുഗ്രഹം, ദയവ്, ശ്രേഷ്ഠത الْكَبِيرُ വലുതായ

---

പൂർവഗ്രന്ഥങ്ങളും മുൻപ്രവാചകൻമാരും പ്രബോധനം ചെയ്ത സിദ്ധാന്തങ്ങളെ ശരിവെച്ചും, സത്യമെന്ന് സ്ഥാപിച്ചുംകൊണ്ടാണ് വിശുദ്ധ ക്വുർആൻ നിലകൊള്ളുന്നത്. അത് നബി ﷺക്ക് അല്ലാഹു അവതരിപ്പിച്ചുകൊടുത്തും, അവിടുന്ന് അത് പ്രബോധനം ചെയ്തു എന്നതുകൊണ്ട് കാര്യം അവസാനിക്കുന്നില്ല. നബി ﷺയുടെ ശേഷം അവിടുത്തെ സമുദായം കൈകാര്യം ചെയ്യേണ്ടുന്ന ഒരു അനന്തര സ്വത്താക്കി അതിനെ അവൻ നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. പ്രവാചകൻമാർ പ്രബോധനം ചെയ്യുന്ന അറിവാണല്ലോ അവരിൽനിന്ന് സമുദായത്തിന് ലഭിക്കുന്ന അനന്തരാവകാശം. വേദഗ്രന്ഥങ്ങളിൽവെച്ച് ഏറ്റവും ഉൽകൃഷ്ടവും അവസാനത്തെ ആളുമായ നബി തിരുമേനി ﷺയുടെ സമുദായം (خير امة اخرجت للناس)- കൈകാര്യം ചെയ്യാൻ ബാധ്യസ്ഥനാണ്. പഠിച്ചറിയുക, പഠിപ്പിക്കുക, ഉപദേശിക്കുക, പ്രചരിപ്പിക്കുക, പ്രവർത്തനങ്ങളിൽ വരുത്തുക, തടസ്സമാർഗങ്ങളെ നീക്കം ചെയ്യുക, അങ്ങനെ മനുഷ്യവർഗത്തിന് മാതൃകയാവുക, ഇതൊക്കെയാണവർ നിറവേറ്റേണ്ടത്. (شُهَدَاءَ عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا- البقرة:)

അപ്രകാരം, നിങ്ങൾ മനുഷ്യർക്ക് സാക്ഷികൾ- മാതൃക- ആയിരിക്കുവാനും, റസൂൽ നിങ്ങൾക്ക് സാക്ഷി- മാതൃക- ആയിരിക്കുവാനുംവേണ്ടി നാം നിങ്ങളെ ഒരു മാദ്ധ്യമ- ശ്രേഷ്ഠ- സമുദായമാക്കിയിരിക്കുന്നു. (സൂ: അൽബക്വറഃ)

ഈ സമുദായം ലോകാവസാനം വരെ നിലനിൽക്കേണ്ടതുണ്ട്. നേട്ടകോട്ടങ്ങൾ എന്തു ണ്ടായാലും അതങ്ങിനെ നിലനിൽക്കുകയും ചെയ്യും. സ്വാഭാവികമായും- മൊത്തത്തിൽ പറയുകയാണെങ്കിൽ- അവർ മൂന്ന് തരക്കാരായിരിക്കുമെന്ന് ഈ വചനം ചൂണ്ടിക്കാട്ടുന്നു: 1. തങ്ങളോടുതന്നെ അക്രമം പ്രവർത്തിച്ചവർ (ظالم لنفسه) 2. മിതം പാലിക്കുന്നവർ (مقتصد) 3. സൽക്കർമങ്ങളുമായി മുൻകടന്നവർ (سابق باالخيرات) ഈ മൂന്ന് തരക്കാർ ആരാണെന്നതിനെക്കുറിച്ച് പലരും പല അഭിപ്രായങ്ങളും പറഞ്ഞുകാണാം. എങ്കിലും, അവയിൽ കൂടുതൽ വ്യക്തമായിട്ടുള്ളതും, മിക്ക അഭിപ്രായങ്ങളുടെയും സാരാംശം ഉൾക്കൊള്ളുന്നതുമാണ് ഇമാം ഇബ്നുകഥീർ (റ)ന്റെ വിശദീകരണം. അത് ഇപ്രകാരമാകുന്നു: 1-ാമത്തെ വിഭാഗം, നിർബന്ധ കടമകളുടെ കാര്യത്തിൽ കുറെയൊക്കെ വീഴ്ച വരുത്തുകയും, നിരോധിക്കപ്പെട്ട ചില കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്. 2 -ാമത്തെ വിഭാഗം, നിർബന്ധ കടമകളെ മുഴുവൻ നിർവഹിക്കുന്നവരും, നിഷിദ്ധങ്ങളെയെല്ലാം ഉപേക്ഷിക്കുന്നവരുമാണ്. പക്ഷേ, ചിലപ്പോഴൊക്കെ മതത്തിൽ തൃപ്തികരങ്ങളായ (പുണ്യകരങ്ങളായ) കാര്യങ്ങളെ ഉപേക്ഷിക്കുകയും, തൃപ്തികരങ്ങളല്ലാത്ത കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്തേക്കും. 3 -ാമത്തെ വിഭാഗം, നിർബന്ധ കടമകളും, മതത്തിൽ തൃപ്തികരങ്ങളായ മറ്റ് കാര്യങ്ങളും നിർവഹിക്കുകയും, നിഷിദ്ധമായതിനെ തൃപ്തികരമല്ലാത്തതിനെയും ഉപേക്ഷിക്കുകയും ചെയ്യുന്നവരാകുന്നു.

ഈ ഒടുവിൽ പറഞ്ഞവരാണ് ഏറ്റവും ഉയർന്ന പദവിയിലുള്ളതെന്ന് പറയേണ്ടതില്ല. ഇവരെപ്പറ്റി പറഞ്ഞപ്പോൾ 'അല്ലാഹുവിന്റെ അനുമതി അനുസരിച്ച്' (بإذن الله) എന്നുകൂടി വിശേഷിപ്പിച്ചത് ശ്രദ്ധേയമാണ്. അല്ലാഹുവിന്റെ അനുഗ്രഹവും സഹായവും അവർക്ക് ലഭിച്ചതുകൊണ്ടാണവർ ആ നിലയിലെത്തിയതെന്നും, അല്ലാഹു അവരെക്കുറിച്ച് നല്ലപോലെ തൃപ്തിപ്പെടുന്നുവെന്നും അത് സൂചിപ്പിക്കുന്നു. അതുതന്നെയാണല്ലോ വമ്പിച്ച ശ്രേഷ്ഠതയും. (ذالك هو الفضل الكبير) ക്വുർആന്റെ അനന്തരം ഏറ്റെടുത്ത് കൈകാര്യം നടത്തുന്നവരുടെ പ്രതിഫലം അടുത്ത വചനത്തിൽ വിവരിക്കുന്നു:-

جَنَّٰتُ عَدۡنٖ يَدۡخُلُونَهَا يُحَلَّوۡنَ فِيهَا مِنۡ أَسَاوِرَ مِن ذَهَبٖ وَلُؤۡلُؤٗاۖ وَلِبَاسُهُمۡ فِيهَا حَرِيرٞ ﴿٣٣﴾

**﴿33﴾ (അതെ) നിത്യവാസത്തിന്റെ സ്വർഗങ്ങൾ! അതിലവർ പ്രവേശിക്കുന്നതാണ്. അവിടെ അവർക്ക് സ്വർണം കൊണ്ടുള്ള ചില (തരം) വളകളും, മുത്തും അണിയിക്കപ്പെടും; അവിടെ അവരുടെ ഉടുപ്പ് (വസ്ത്രം) പട്ടായിരിക്കും.**

وَقَالُواْ ٱلۡحَمۡدُ لِلَّهِ ٱلَّذِيٓ أَذۡهَبَ عَنَّا ٱلۡحَزَنَۖ إِنَّ رَبَّنَا لَغَفُورٞ شَكُورٌ ﴿٣٤﴾

**﴿34﴾ അവർ പറയുകയും ചെയ്യും: 'ഞങ്ങളിൽനിന്ന് ദുഃഖം നീക്കിത്തന്നവനായ അല്ലാഹുവിന് സർവ്വസ്തുതിയും! നിശ്ചയമായും, ഞങ്ങളുടെ റബ്ബ് വളരെ പൊറുക്കുന്നവനും, വളരെ നന്ദിയുള്ളവനും തന്നെ.**

ٱلَّذِىٓ أَحَلَّنَا دَارَ ٱلْمُقَامَةِ مِن فَضْلِهِۦ لَا يَمَسُّنَا فِيهَا نَصَبٌ وَلَا يَمَسُّنَا فِيهَا لُغُوبٌ ﴿٣٥﴾

**﴾35﴿ 'അതായത് തന്റെ ദയാനുഗ്രഹംനിമിത്തം (ഈ) സ്ഥിരതാമസത്തിന്റെ ഭവനത്തിൽ ഞങ്ങളെ ഇറക്കിത്തന്നിട്ടുള്ളവൻ! യാതൊരു ഞെരുക്കവും ഇവിടെ ഞങ്ങളെ സ്പർശിക്കുന്നില്ല! യാതൊരു ക്ഷീണവും [അസഹ്യതയും] ഇവിടെ ഞങ്ങളെ സ്പർശിക്കുന്നില്ല!!'**

---

﴾33﴿ جَنَّاتُ عَدْنٍ സ്ഥിരവാസത്തിന്റെ സ്വർഗങ്ങൾ يَدْخُلُونَهَا അതിലവർ പ്രവേശിക്കുന്നതാണ് يُحَلَّوْنَ فِيهَا അതിൽ അവർക്ക് അണിയിക്കപ്പെടും مِنْ أَسَاوِرَ വളകളിൽനിന്ന് مِن ذَهَبٍ സ്വർണത്താലുള്ള وَلُؤْلُؤًا മുത്തും وَلِبَاسُهُمْ فِيهَا അതിലവരുടെ ഉടുപ്പ്, വസ്ത്രം حَرِيرٌ പട്ടാകുന്നു ﴾34﴿ وَقَالُوا അവർ പറയുകയും ചെയ്യും الْحَمْدُ لِلَّهِ അല്ലാഹുവിന് സർവ്വസ്തുതിയും الَّذِي أَذْهَبَ പോക്കി (നീക്കിക്കളഞ്ഞ) عَنَّا ഞങ്ങളിൽനിന്ന് الْحَزَنَ ദുഃഖം إِنَّ رَبَّنَا നിശ്ചയമായും നമ്മുടെ റബ്ബ് لَغَفُورٌ വളരെ പൊറുക്കുന്നവൻ തന്നെ شَكُورٌ വളരെ നന്ദിയുള്ളവൻ ﴾35﴿ الَّذِي أَحَلَّنَا നമ്മെ ഇറക്കി (എത്തിച്ചു)തന്ന دَارَ الْمُقَامَةِ (സ്ഥിര) താമസത്തിന്റെ ഭവനത്തിൽ (വീട്ടിൽ) مِن فَضْلِهِ അവന്റെ അനുഗ്രഹത്താൽ, ദയവായി لَا يَمَسُّنَا നമ്മെ (ഞങ്ങളെ) സ്പർശിക്കുന്നില്ല, ബാധിക്കുകയില്ല فِيهَا ഇതിൽ, ഇവിടെ نَصَبٌ ഒരു ഞെരുക്കവും, വിഷമവും وَلَا يَمَسُّنَا നമ്മെ സ്പർശിക്കയുമില്ല فِيهَا ഇതിൽ لُغُوبٌ ഒരു അസഹ്യതയും, ക്ഷീണവും

---

29 -ാം വചനത്തിൽ, ഒരിക്കലും നഷ്ടം വരാത്ത ലാഭകരമായ വ്യാപാരം നടത്തുന്നവരെപ്പറ്റി പറഞ്ഞതിനെത്തുടർന്ന് അല്ലാഹു വളരെ പൊറുക്കുന്നവനും, വളരെ നന്ദിയുള്ളവനുമാണെന്ന് ഓർമിപ്പിക്കുകയുണ്ടായി. ആ വാഗ്ദാനം തികച്ചും സത്യമായി തങ്ങൾക്ക് അനുഭവപ്പെട്ടിരിക്കുന്നു എന്ന് ആ വ്യാപാരികൾ സ്വർഗത്തിൽവെച്ച് ഇപ്പോൾ ഇതാ സന്തോഷപൂർവ്വം പ്രഖ്യാപിക്കുകയാണ്: إن ربنا لغفور شكور (നമ്മുടെ റബ്ബ് വളരെ പൊറുക്കുന്നവനും വളരെ നന്ദിയുള്ളവനും തന്നെ) എന്ന്. കഴിഞ്ഞ ആയത്തിൽ പ്രസ്താവിച്ച മൂന്ന് വിഭാഗക്കാർ ഉൾക്കൊള്ളുന്ന സത്യവിശ്വാസികൾക്ക് ലഭിക്കുന്ന പ്രതിഫലമാണ് അല്ലാഹു ഈ വചനങ്ങളിൽ പ്രസ്താവിച്ചു കാണുന്നത്. ഈ മൂന്നിലും ഉൾപ്പെടാത്ത അവിശ്വാസികളുടെ പ്രതിഫലം തുടർന്നുള്ള ആയത്തിൽ പ്രസ്താവിക്കുന്നുമുണ്ട്.

അപ്പോൾ, ഇവിടെ ചില സംശയങ്ങൾക്കവകാശമുണ്ട്. മൂന്ന് വിഭാഗക്കാരും തമ്മിൽ വളരെ വ്യത്യസ്തമായ നിലപാടാണല്ലോ കർമരംഗങ്ങളിൽ ഉണ്ടായിരുന്നത്. എന്നിരിക്കെ, എല്ലാവർക്കും ഒരേ പ്രതിഫലംതന്നെ ലഭിക്കുന്നതെങ്ങനെ? അത് ന്യായമാണോ? സത്യവിശ്വാസിയാണെങ്കിലും അവരിൽ കുറ്റം ചെയ്തവർ അതിന്റെ ശിക്ഷ അനുഭവിക്കേണ്ടതില്ലേ? അപ്പോൾ എല്ലാവരെയും ഒന്നിച്ച് സ്വർഗത്തിൽ പ്രവേശിക്കുമോ? ഇതാണ് സംശയം. ഈ ആയത്തുകളിൽ പ്രസ്താവിച്ച പ്രതിഫലം മൂന്ന് വിഭാഗക്കാർക്കും പൊതുവിൽ ലഭിക്കുന്ന പ്രതിഫലം തന്നെ. പക്ഷേ, ഓരോരുത്തർക്കും ലഭിക്കുന്ന വിഭവങ്ങളുടെയും, സുഖസൗകര്യങ്ങളുടെയും തോത് അതത് വ്യക്തിയുടെ വ്യത്യസ്ത നിലപാടനുസരിച്ചായിരിക്കും. അനേകം ക്വുർആൻ വചനങ്ങൾകൊണ്ടും, നബിവചനങ്ങൾകൊണ്ടും സ്ഥിരപ്പെട്ടിട്ടുള്ളതാണിത്. കൂടാതെ, സത്യവിശ്വാസികളായ ആളുകൾ

ചെയ്ത കുറ്റങ്ങൾക്കുള്ള ശിക്ഷ അനുഭവിച്ചുകഴിഞ്ഞശേഷമേ അവർക്ക് സ്വർഗത്തിൽ പ്രവേശനം ലഭിക്കുകയുമുള്ളൂ. സ്വർഗത്തിൽ പ്രവേശനം അപേക്ഷിച്ച് താഴെ കിടയിലായിരിക്കും അവർക്ക് ലഭിക്കുന്ന സുഖസൗകര്യങ്ങൾ എന്നുമാത്രം. ഈ വസ്തുതയും ക്വുർആനിൽനിന്ന് മനസ്സിലാക്കുവാൻ കഴിയും. ധാരാളം ഹദീഥുകളിൽ വ്യക്തമായിത്തന്നെ അത് പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. ഒരു ഹദീഥ് മാത്രം ഉദാഹരണത്തിന് ഉദ്ധരിക്കാം:-

'നരകത്തിലെ ശിക്ഷ അനുഭവിച്ചുകഴിഞ്ഞശേഷം ഏറ്റവും അവസാനമായി, നരകത്തിൽനിന്ന് രക്ഷകിട്ടി സ്വർഗത്തിൽ പ്രവേശിക്കുവാൻ ഭാഗ്യം സിദ്ധിക്കുന്നവന്റെ കഥ നബി ﷺ വിവരിച്ചിട്ടുള്ള സ്വൽപം ദീർഘമായ ഒരു ഹദീഥിൽ, ഇപ്രകാരം കാണാം: (അവൻ സ്വർഗത്തിലെത്തിയശേഷം) അല്ലാഹു അവനോട് പറയും: 'നീ മോഹിച്ചുകൊള്ളുക!' അപ്പോൾ അവൻ (പലതും പലതും) മോഹിച്ച് മോഹിച്ചുകൊണ്ടിരിക്കും. എന്നിട്ട് അല്ലാഹു ചോദിക്കും: 'നീ മോഹിച്ചുകഴിഞ്ഞുവോ?' അവൻ 'അതെ' എന്ന് പറയും. അപ്പോൾ അല്ലാഹു പറയും: 'അതെല്ലാം നിനക്കുണ്ട്. അതോടൊപ്പം അത്രയും കൂടിയുണ്ട് ...........' ഇമാം ബുഖാരി, മുസ്‌ലിം മുതലായവർ പല മാർഗങ്ങളിൽകൂടിയും ഉദ്ധരിച്ചിട്ടുള്ളതാണ് ഈ ഹദീഥ്.

ഈ ആയത്തുകളിൽ പ്രസ്താവിച്ച പ്രതിഫലം മൊത്തത്തിൽ മേൽപറഞ്ഞ മൂന്ന് വിഭാഗക്കാർക്കും ബാധകമല്ലെന്നും, അതിൽ ഒന്നാമത്തെ വിഭാഗക്കാർ (ظالم لنفسه) തീരെ രക്ഷക്കവകാശപ്പെട്ടവരല്ലെന്നും ചിലർ പ്രസ്താവിക്കാറുണ്ട്: നിഷിദ്ധമായ ഏതെങ്കിലും പാപം ചെയ്യുന്നവർ അതോടെ സത്യവിശ്വാസത്തിൽനിന്ന് തെറ്റിപ്പോയെന്നും ചിലർ വാദിക്കാറുണ്ട്. നിരവധി ഹദീഥുകളുടെ വ്യക്തമായ പ്രസ്താവനകൾക്ക് പുറമെ, 32-ാം വചനത്തിൽ മൂന്നുകൂട്ടരെപ്പറ്റിയും പ്രസ്താവിച്ചശേഷം തുടർന്നുകൊണ്ട് 33-ാം വചനത്തിൽ ആരെയും ഒഴിവാക്കാതെ അവർ സ്വർഗത്തിൽ പ്രവേശിക്കും (يدخلونها) എന്ന് പറഞ്ഞതും ഈ അഭിപ്രായങ്ങളെ ഖണ്ഡിക്കുന്നു. മാത്രമല്ല, അടുത്ത വചനത്തിൽ 'അവിശ്വാസികളാകട്ടെ, അവർക്ക് നരകത്തിന്റെ അഗ്നിയാണ് (والذين كفروا لهم نار جهنم) എന്ന് എടുത്ത് പറയുന്നതും കാണാം: 32-ാം വചനത്തിൽ പറഞ്ഞ മൂന്നുതരം ആളുകളും, 33-ാം വചനത്തിൽ പ്രസ്താവിച്ച ഭാഗ്യവാൻമാരും അല്ലാത്തവർ- അഥവാ ക്വുർആന്റെ അനന്തരാവകാശം ഏറ്റുവാങ്ങാതിരിക്കുകയോ, ഏറ്റു വാങ്ങിയശേഷം പാടെ പുറംതള്ളുകയോ ചെയ്ത അവിശ്വാസികൾ- മാത്രമാണിതുകൊണ്ടുദ്ദേശ്യമെന്ന് വ്യക്തമാണ്. ഇമാം ഇബ്നുജരീർ (റ), ഇബ്നുകഥീർ (റ) എന്നീ മഹാന്മാർ ഈ സംഗതി പ്രത്യേകം ഉണർത്തിയിരിക്കുന്നു. والله ا لموفق للصواب

وَٱلَّذِينَ كَفَرُواْ لَهُمۡ نَارُ جَهَنَّمَ لَا يُقۡضَىٰ عَلَيۡهِمۡ فَيَمُوتُواْ وَلَا يُخَفَّفُ عَنۡهُم مِّنۡ عَذَابِهَاۚ كَذَٰلِكَ نَجۡزِي كُلَّ كَفُورٖ ﴿٣٦﴾

**《36》 അവിശ്വാസിച്ചവരാകട്ടെ, അവർക്ക് 'ജഹന്നമി'ന്റെ അഗ്നിയുണ്ടായിരിക്കും. അവരിൽ (മരണം) വിധിക്കപ്പെടുകയില്ല- എന്നാലവർക്ക് മരണപ്പെട്ടു പോകാമായിരുന്നു, അതിന്റെ ശിക്ഷയിൽനിന്ന് അവർക്ക് ലഘുവാക്കപ്പെടുകയുമില്ല. അപ്രകാരമാണ്, എല്ലാ നന്ദികെട്ടവർക്കും നാം പ്രതിഫലം നൽകുക.**

وَهُمْ يَصْطَرِخُونَ فِيهَا رَبَّنَآ أَخْرِجْنَا نَعْمَلْ صَٰلِحًا غَيْرَ ٱلَّذِى كُنَّا نَعْمَلُ ۚ

أَوَلَمْ نُعَمِّرْكُم مَّا يَتَذَكَّرُ فِيهِ مَن تَذَكَّرَ وَجَآءَكُمُ ٱلنَّذِيرُ ۖ فَذُوقُوا۟ فَمَا لِلظَّٰلِمِينَ مِن نَّصِيرٍ ﴿٣٧﴾

**《37》 അവർ അതിൽവെച്ച് അലമുറയിട്ടുകൊണ്ടിരിക്കും: 'ഞങ്ങളുടെ റബ്ബേ! ഞങ്ങളെ (ഒന്ന്) പുറത്താക്കിത്തരേണമേ! - ഞങ്ങൾ (മുമ്പ്) പ്രവർത്തിച്ചുകൊണ്ടിരുന്നതല്ലാത്ത സൽക്കർമം ഞങ്ങൾ ചെയ്തുകൊള്ളാം!' (എന്ന്).**

**'ഉറ്റാലോചിക്കുന്നവർക്ക് ഉറ്റാലോചിക്കാവുന്നത്ര (കാലം) നിങ്ങൾക്ക് നാം ആയുസ്സ് നൽകിയിരുന്നില്ലേ?!- മുന്നറിയിപ്പ് നൽകുന്നവർ നിങ്ങൾക്ക് വരുകയും ചെയ്തിരുന്നു (വല്ലോ). അതുകൊണ്ട്, (ശിക്ഷ) ആസ്വദിച്ചുകൊള്ളുവിൻ! എനി, അക്രമികൾക്ക് യാതൊരു സഹായകനും [രക്ഷകനും] ഇല്ല'. (ഇതായിരിക്കും അവർക്ക് മറുപടി.)**

---

《36》 وَالَّذِينَ كَفَرُوا അവിശ്വസിച്ചവരാകട്ടെ لَهُمْ അവർക്കുണ്ട് نَارُ جَهَنَّمَ 'ജഹന്നമ'ിന്റെ അഗ്നി لَا يُقْضَىٰ عَلَيْهِمْ അവരുടെ മേൽ വിധിക്കപ്പെടുകയില്ല فَيَمُوتُوا എന്നാലവർക്ക് മരണപ്പെടാമായിരുന്നു وَلَا يُخَفَّفُ عَنْهُم അവർക്ക് ലഘുവാക്കപ്പെടുകയുമില്ല مِنْ عَذَابِهَا അതിന്റെ ശിക്ഷയിൽ നിന്ന് (ഒട്ടും) كَذَٰلِكَ അപ്രകാരം نَجْزِي നാം പ്രതിഫലം കൊടുക്കും كُلَّ كَفُورٍ എല്ലാ നന്ദികെട്ടവർക്കും 《37》 وَهُمْ يَصْطَرِخُونَ അവർ മുറവിളികൂട്ടും, അലമുറയിടും فِيهَا അതിൽവെച്ച് رَبَّنَا ഞങ്ങളുടെ റബ്ബേ أَخْرِجْنَا ഞങ്ങളെ പുറത്താക്കിത്തരണേ نَعْمَلْ صَالِحًا ഞങ്ങൾ നല്ലത് (സൽക്കർമം) പ്രവർത്തിക്കാം غَيْرَ الَّذِي യാതൊന്നല്ലാതെ كُنَّا نَعْمَلُ ഞങ്ങൾ പ്രവർത്തിച്ചിരുന്ന أَوَلَمْ نُعَمِّرْكُم നിങ്ങൾക്ക് നാം ആയുസ്സ് നൽകിയില്ലേ مَا يَتَذَكَّرُ ഉറ്റാലോചിക്കാവുന്നത് (അത്രകാലം) فِيهِ അതിൽ مَن تَذَكَّرَ ഉറ്റാലോചിക്കുന്നവർ وَجَاءَكُمُ നിങ്ങൾക്ക് വരുകയും ചെയ്തു النَّذِيرُ മുന്നറിയിപ്പുകാരൻ فَذُوقُوا അതുകൊണ്ട് ആസ്വദിക്കുവിൻ فَمَا لِلظَّالِمِينَ എനി അക്രമികൾക്കില്ല مِن نَّصِيرٍ ഒരു രക്ഷകനും, സഹായിയും.

---

'ജഹന്നം' (جهنم) എന്നുള്ളത് നരകത്തിന്റെ പേരുകളിൽ ഒന്നത്രെ. ശിക്ഷയുടെ കാഠിന്യംകൊണ്ടോ, കാലാവധി അവസാനിക്കുന്നതുകൊണ്ടോ മരണം അവിടെ സംഭവിക്കുകയില്ല. പരലോകജീവിതം -സ്വർഗീയമാകട്ടെ നരകീയമാകട്ടെ- ശാശ്വതമാണ്. ഏതെങ്കിലും വിധേന മരണപ്പെട്ടുകിട്ടിയാൽ ഈ ശിക്ഷയിൽനിന്നൊരു വിശ്രമം കിട്ടുമല്ലോ എന്നവർ മോഹിക്കും. പക്ഷേ, അത് സംഭവിക്കുകയില്ല. ശിക്ഷയുടെ കാഠിന്യം സഹിക്കവയ്യാതെ അവർ നിലവിളി കൂട്ടുന്നതും, അതവർക്ക് അപ്പോൾ ലഭിക്കുന്ന മറുപടിയുമാ

ണ്. അല്ലാഹു ഇവിടെ ഉദ്ധരിക്കുന്നത്. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ ആമീൻ.

നബി ﷺ ഇപ്രകാരം പറഞ്ഞതായി ഇബ്നുഅബ്ബാസ് (റ) നിവേദനം ചെയ്യുന്നു: 'നരകക്കാരിൽവെച്ച് ഏറ്റവും എളിയ ശിക്ഷ അനുഭവിക്കുന്നവൻ, അഗ്നികൊണ്ടുള്ള രണ്ട് ചെരുപ്പുകളും (ചെരുപ്പിന്റെ) രണ്ട് വാറും ഉള്ളവനായിരിക്കും. അവ രണ്ടും നിമിത്തം അവന്റെ തലച്ചോറ് (അടുപ്പത്തുവെച്ച്) കുടുക്ക തിളച്ചുമറിയുംപോലെ തിളച്ചുമറിയുന്ന തായിരിക്കും. അവനെക്കാൾ കഠിനമായ ശിക്ഷയുള്ളവൻ വേറെ ഉണ്ടെന്ന് അവന് തോന്നു കയില്ല. അവനാകട്ടെ, അവരിൽ ഏറ്റവും എളിയ ശിക്ഷക്കാരനാണുതാനും!' (ബു; മു.)

## വിഭാഗം - 5

إِنَّ ٱللَّهَ عَٰلِمُ غَيْبِ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٣٨﴾

**﴾38﴿ നിശ്ചയമായും, അല്ലാഹു ആകാശങ്ങളിലെയും, ഭൂമിയിലെയും അദൃശ്യത്തെ അറിയുന്നവനാണ്; നിശ്ചയമായും, അവൻ ഹൃദയങ്ങളി ലുള്ളതിനെപ്പറ്റി അറിവുള്ളവനാണ്.**

هُوَ ٱلَّذِى جَعَلَكُمْ خَلَٰٓئِفَ فِى ٱلْأَرْضِ ۚ فَمَن كَفَرَ فَعَلَيْهِ كُفْرُهُۥ ۖ وَلَا يَزِيدُ ٱلْكَٰفِرِينَ كُفْرُهُمْ عِندَ رَبِّهِمْ إِلَّا مَقْتًا ۖ وَلَا يَزِيدُ ٱلْكَٰفِرِينَ كُفْرُهُمْ إِلَّا خَسَارًا ﴿٣٩﴾

**﴾39﴿ നിങ്ങളെ ഭൂമിയിൽ (മുൻ കഴിഞ്ഞവരുടെ) പിൻഗാമികളാക്കിയ വനത്രെ അവൻ. അതിനാൽ, ആരെ ങ്കിലും അവിശ്വസിച്ചാൽ അവന്റെ അവിശ്വാസം അവന്റെമേൽ തന്നെ യാണ് (ദോഷം ചെയ്യുക.) അവിശ്വാ സികൾക്ക് അവരുടെ അവിശ്വാസം, തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ കഠിനകോപമല്ലാതെ വർദ്ധിപ്പിക്കുക യില്ല; അവിശ്വാസികൾക്ക് അവരുടെ അവിശ്വാസം, നഷ്ടവുമല്ലാതെ വർദ്ധിപ്പിക്കുകയില്ല.**

---

﴾38﴿ إِنَّ اللهَ നിശ്ചയമായും അല്ലാഹു عَالِمُ അറിയുന്നവനാണ് غَيْبِ السَّمَاوَاتِ ആകാ ശങ്ങളിലെ അദൃശ്യം وَالأَرْضِ ഭൂമിയിലെയും إِنَّهُ عَلِيمٌ അവൻ അറിവുള്ളവനാണ് بِذَاتِ الصُّدُورِ നെഞ്ച് (ഹൃദയം) കളിലുള്ളതിനെപ്പറ്റി ﴾39﴿ هُوَ الَّذِي അവൻ യാതൊരു വനാണ് جَعَلَكُمْ നിങ്ങളെ ആക്കിയ خَلَائِفَ പിൻഗാമികൾ, പ്രതിനിധികൾ فِي الأَرْضِ ഭൂമിയിൽ فَمَنْ كَفَرَ അതിനാൽ ആർ അവിശ്വസിച്ചുവോ فَعَلَيْهِ എന്നാലവന്റെ മേലാണ് كُفْرُهُ അവന്റെ അവിശ്വാസം وَلا يَزِيدُ الْكَافِرِينَ അവിശ്വാസികൾക്ക് വർദ്ധിപ്പിക്കുക യില്ല كُفْرُهُمْ അവരുടെ അവിശ്വാസം عِنْدَ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ അടുക്കൽ إِلا مَقْتًا

കഠിന കോപ (ക്രോധ)ത്തെയല്ലാതെ وَلَا يَزِيدُ الْكَافِرِينَ അവിശ്വാസികൾക്ക് വർദ്ധി പ്പിക്കയില്ല كُفْرُهُمْ അവരുടെ അവിശ്വാസം إِلَّا خَسَارًا നഷ്ടമല്ലാതെ

---

ഒരു സമുദായത്തിനുശേഷം മറ്റൊരു സമുദായമെന്ന നിലക്ക് മുമ്പുള്ളവരുടെ പിന്നാലെ വരുന്നവർ എന്നാണ് خلائف എന്ന വാക്കുകൊണ്ടുദ്ദേശ്യം. 'പിൻതുടർച്ചക്കാർ, പ്രതിനിധികൾ, അനന്തരക്കാർ' എന്നൊക്കെ ആ വാക്കിന് അർത്ഥം പറയാം.

قُلْ أَرَءَيْتُمْ شُرَكَآءَكُمُ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ أَرُونِى مَاذَا خَلَقُوا۟ مِنَ ٱلْأَرْضِ أَمْ لَهُمْ شِرْكٌ فِى ٱلسَّمَـٰوَٰتِ أَمْ ءَاتَيْنَـٰهُمْ كِتَـٰبًا فَهُمْ عَلَىٰ بَيِّنَتٍ مِّنْهُ ۚ بَلْ إِن يَعِدُ ٱلظَّـٰلِمُونَ بَعْضُهُم بَعْضًا إِلَّا غُرُورًا ﴿٤٠﴾

**《40》 (നബിയേ) പറയുക: 'നിങ്ങൾ കണ്ടുവോ, അല്ലാഹുവിന് പുറമെ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി) ക്കുന്ന നിങ്ങളുടെ പങ്കുകാരെ?! (ഇവരെപ്പറ്റി നിങ്ങളെന്ത് പറയുന്നു?) ഭൂമിയിൽനിന്ന് അവർ എന്തൊരു വസ്തുവാണ് സൃഷ്ടിച്ചുണ്ടാക്കിയതെന്ന് എനിക്ക് കാട്ടിത്തരുവിൻ! അല്ലാത്തപക്ഷം, അവർക്ക് ആകാശങ്ങളിൽ വല്ല പങ്കും ഉണ്ടോ?! അതല്ലെങ്കിൽ, അവർക്ക് നാം വല്ല (പ്രത്യേക) വേദഗ്രന്ഥവും കൊടുത്തിട്ട് അതിൽ നിന്നുള്ള വല്ല തെളിവിൻമേലുമാണോ അവർ (നിലകൊള്ളുന്നത്)?! (അതൊന്നുമല്ല.) പക്ഷെ, അക്രമികൾ- ചിലർ ചിലരോട് -വഞ്ചനയല്ലാതെ വാഗ്ദാനം ചെയ്യുന്നില്ല.**

---

《40》 قُلْ നീ പറയുക أَرَأَيْتُمْ നിങ്ങൾ കണ്ടുവോ شُرَكَاءَكُمْ നിങ്ങളുടെ പങ്കുകാരെ الَّذِينَ تَدْعُونَ നിങ്ങൾ വിളിക്കുന്ന مِنْ دُونِ اللَّهِ അല്ലാഹുവിനുപുറമെ أَرُونِي എനിക്ക് കാണിച്ചുതരുവിൻ مَاذَا خَلَقُوا അവരെന്ത് സൃഷ്ടിച്ചുവെന്ന് مِنَ الْأَرْضِ ഭൂമിയിൽനിന്ന് أَمْ لَهُمْ അതല്ല അവർക്കുണ്ടോ شِرْكٌ വല്ലപങ്കും فِي السَّمَاوَاتِ ആകാശങ്ങളിൽ أَمْ آتَيْنَاهُمْ അതല്ലെങ്കിൽ നാമവർക്ക് കൊടുത്തിട്ടുണ്ടോ كِتَابًا വല്ല ഗ്രന്ഥവും فَهُمْ എന്നിട്ടവർ عَلَىٰ بَيِّنَةٍ വല്ല തെളിവിൻമേലുമാണ് مِنْهُ അതിൽനിന്ന് بَلْ പക്ഷേ إِنْ يَعِدُ വാഗ്ദാനം ചെയ്യുന്നില്ല الظَّالِمُونَ അക്രമികൾ بَعْضُهُمْ بَعْضًا അവരിൽ ചിലർ ചിലരോട് إِلَّا غُرُورًا വഞ്ചന (ചതി, കൃത്രിമം) അല്ലാതെ

---

അല്ലാഹുവിന് പങ്കുകാരാണെന്ന് ഗണിച്ചുകൊണ്ട് അവർ വിളിച്ചാരാധിച്ചുവരുന്ന ദൈവങ്ങൾ ഭൂമിയിൽ വല്ലതും സൃഷ്ടിച്ചിട്ടുണ്ടോ? അല്ലെങ്കിൽ ആകാശങ്ങളിൽ എന്തെങ്കിലും ഒരു കൂട്ടവകാശം അവർക്കുണ്ടോ? അല്ലെങ്കിൽ തങ്ങളുടെ നിലപാടിന് തെളിവ് നൽകത്തക്കവണ്ണം വല്ല വേദഗ്രന്ഥവും അവർക്ക് ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതൊന്ന്



വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

കാണിച്ച് ബോധ്യപ്പെടുത്തുക എന്ന് അവരെ വെല്ലുവിളിക്കുന്നു. അതൊന്നും ഇല്ലാത്ത സ്ഥിതിക്ക് തങ്ങളുടെ ആരാധനയെയും, ആരാധ്യനെയും കുറിച്ച് അവർ തമ്മതമ്മിൽ ചെയ്യുന്ന പ്രസ്താവനകളെല്ലാം തനി കൃത്രിമത്വവും വഞ്ചനയുമാണെന്ന് സാരം.

۞ إِنَّ ٱللَّهَ يُمۡسِكُ ٱلسَّمَٰوَٰتِ وَٱلۡأَرۡضَ أَن تَزُولَاۚ وَلَئِن زَالَتَآ إِنۡ أَمۡسَكَهُمَا مِنۡ أَحَدٖ مِّنۢ بَعۡدِهِۦٓۚ إِنَّهُۥ كَانَ حَلِيمًا غَفُورٗا ﴿٤١﴾

**《41》 നിശ്ചയമായും അല്ലാഹു ആകാശങ്ങളും ഭൂമിയും (തൽസ്ഥാനംവിട്ടു) നീങ്ങുന്നതിന് [നീങ്ങാതിരിക്കുവാൻ] അവയെ പിടിച്ചുനിറുത്തുന്നു. അവ രണ്ടും നീങ്ങിപ്പോയെങ്കിലോ, അവനു പുറമെ ഒരാളും അവയെ പിടിച്ചുനിറുത്തുകയില്ല. അവൻ സഹനശീലനും വളരെ പൊറുക്കുന്നവനുമാകുന്നു.**

---

《41》 إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു يُمْسِكُ പിടിച്ചുനിറുത്തുന്നു السَّمَاوَاتِ ആകാശങ്ങളെ وَالأَرْضَ ഭൂമിയെയും أَنْ تَزُولا അവ രണ്ടും നീങ്ങുന്നതിന്, നീങ്ങുമെന്നതിനാൽ وَلَئِنْ زَالَتَا അവരണ്ടും നീങ്ങിപ്പോയെങ്കിലോ إِنْ أَمْسَكَهُمَا അവ രണ്ടിനെയും പിടിച്ചു നിറുത്തുകയില്ല مِنْ أَحَدٍ ഒരാളും തന്നെ مِنْ بَعْدِهِ അവന് പുറമെ إِنَّهُ كَانَ നിശ്ചയമായും അവനാകുന്നു حَلِيمًا സഹനശീലൻ غَفُورًا വളരെ പൊറുക്കുന്നവൻ

---

ആകാശഭൂമികളുടെ സൃഷ്ടിയിൽ വേറെ ആർക്കും പങ്കില്ലാത്തതുപോലെ, അവയുടെ നിലനിൽപിന്റെ കാര്യത്തിലും ആർക്കും കയ്യില്ല. അല്ലാഹുവിന്റെ മാത്രം നിയന്ത്രണത്തിലാണവ സ്ഥിതിചെയ്യുന്നത്. ഭൂമിയിൽ ചുരുക്കം ചില സ്ഥലങ്ങളിൽ എപ്പോഴെങ്കിലും ഉണ്ടാകാറുള്ള കമ്പനത്തിനോ, ഇളക്കത്തിനോപോലും പരിഹാരം ഉണ്ടാക്കാൻ മറ്റാർക്കും കഴിയാത്ത സ്ഥിതിക്ക് ആകാശഭൂമികൾ ഒന്നാകെ നിലതെറ്റിയാൽ ആർക്കാണവയെ പിടിച്ചു നിറുത്തുവാൻ കഴിയുക- അല്ലാഹുവിനല്ലാതെ?!

وَأَقۡسَمُواْ بِٱللَّهِ جَهۡدَ أَيۡمَٰنِهِمۡ لَئِن جَآءَهُمۡ نَذِيرٞ لَّيَكُونُنَّ أَهۡدَىٰ مِنۡ إِحۡدَى ٱلۡأُمَمِۖ فَلَمَّا جَآءَهُمۡ نَذِيرٞ مَّا زَادَهُمۡ إِلَّا نُفُورًا ﴿٤٢﴾

**《42》 അവർ [അവർ മുശ്‌രിക്കുകൾ] തങ്ങൾക്ക് കഴിയും പ്രകാരം അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്തിരിക്കുന്നു; 'തങ്ങൾക്ക് ഒരു താക്കീതുകാരൻ [റസൂൽ] വന്നുവെങ്കിൽ, (മറ്റുള്ള) സമുദായങ്ങളിൽ ഏതൊന്നിനെക്കാളും നിശ്ചയമായും തങ്ങൾ കൂടുതൽ സൻമാർഗികളായിത്തീരും' എന്ന്. എന്നിട്ട് അവർക്ക് താക്കീതുകാരൻ വന്നപ്പോഴാകട്ടെ, (സത്യത്തിൽനിന്ന്) വിരണ്ടോടുകയല്ലാതെ (മറ്റൊന്നും) അതവർക്ക് വർദ്ധിപ്പിച്ചില്ല;**

جَهْدَ أَيْمَانِهِمْ അവരുടെ സത്യങ്ങളിൽവെച്ച് ഞെരുങ്ങിയത് (കഴിയും പ്രകാരമുള്ളത്) لَئِنْ جَاءَهُمْ അവർക്ക് വന്നുവെങ്കിൽ نَذِيرٌ ഒരു താക്കീതുകാരൻ لَيَكُونُنَّ നിശ്ചയമായും അവർ ആയിരിക്കുമെന്ന് أَهْدَىٰ കൂടുതൽ സൻമാർഗികൾ مِنْ إِحْدَى الْأُمَمِ സമുദായങ്ങളിൽ ഏതൊന്നിനെക്കാളും فَلَمَّا جَاءَهُمْ അങ്ങനെ അവർക്ക് വന്നപ്പോൾ نَذِيرٌ ഒരു താക്കീതുകാരൻ مَا زَادَهُمْ അതവർക്ക് വർദ്ധിപ്പിച്ചില്ല إِلَّا نُفُورًا വിരണ്ടോട്ടമല്ലാതെ, വെറുത്തുപോക്കല്ലാതെ

﴿42﴾ وَأَقْسَمُوا അവർ സത്യം ചെയ്തു بِاللَّهِ അല്ലാഹുവിനെക്കൊണ്ട്

ٱسْتِكْبَارًا فِى ٱلْأَرْضِ وَمَكْرَ ٱلسَّيِّئِ ۚ وَلَا يَحِيقُ ٱلْمَكْرُ ٱلسَّيِّئُ إِلَّا بِأَهْلِهِۦ ۚ فَهَلْ يَنظُرُونَ إِلَّا سُنَّتَ ٱلْأَوَّلِينَ ۚ فَلَن تَجِدَ لِسُنَّتِ ٱللَّهِ تَبْدِيلًا ۖ وَلَن تَجِدَ لِسُنَّتِ ٱللَّهِ تَحْوِيلًا ﴿٤٣﴾

**﴿43﴾ ഭൂമിയിൽ ഗർവ്വ് നടിക്കുകയും, ദുഷിച്ച [കടുത്ത] കുതന്ത്രം പ്രയോഗിക്കുകയും ചെയ്തതിനാൽ, (വാസ്തവത്തിൽ) ദുഷിച്ച കുതന്ത്രം അതിന്റെ ആൾക്കാരിലല്ലാതെ വന്ന് ഭവിക്കുകയുമില്ല.**

**എന്നിരിക്കെ, പൂർവ്വികന്മാരുടെ (മേലുണ്ടായ) നടപടിച്ചട്ടത്തെയല്ലാതെ (മറ്റ് വല്ലതും ഇവർ നോക്കി (ക്കാത്തു)ക്കൊണ്ടിരിക്കുന്നുണ്ടോ?! എന്നാൽ, അല്ലാഹുവിന്റെ നടപടിച്ചട്ടത്തിന് ഒരു മാറ്റത്തിരുത്തും നീ കണ്ടെത്തുന്നതല്ല. അല്ലാഹുവിന്റെ നടപടിച്ചട്ടത്തിന് ഒരു ഭേദഗതിയും നീ കണ്ടെത്തുകയില്ല.**

﴿43﴾ اسْتِكْبَارًا ഗർവ്വ് നടിച്ചതിനാൽ, അതായത് ഗർവ്വ് നടിക്കൽ (അല്ലാതെ) فِي الْأَرْضِ ഭൂമിയിൽ وَمَكْرَ السَّيِّئِ ദുഷിച്ച കുതന്ത്രവും وَلَا يَحِيقُ വന്ന് ഭവിക്കയില്ല الْمَكْرُ السَّيِّئُ ദുഷിച്ച (കടുത്ത) കുതന്ത്രം إِلَّا بِأَهْلِهِ അതിന്റെ ആൾക്കാരിലല്ലാതെ فَهَلْ يَنظُرُونَ എന്നിരിക്കെ ഇവർ നോക്കുന്നു (പ്രതീക്ഷിക്കുന്നു)ണ്ടോ إِلَّا سُنَّتَ നടപടി (ചട്ടം, മാർഗം) അല്ലാതെ الْأَوَّلِينَ പൂർവ്വികൻമാരുടെ فَلَنْ تَجِدَ എന്നാൽ നീ കണ്ടെത്തുകയില്ലതന്നെ لِسُنَّةِ اللَّهِ അല്ലാഹുവിന്റെ നടപടിക്ക് تَبْدِيلًا ഒരു മാറ്റവും, പകരം വരുത്തലും وَلَنْ تَجِدَ നീ കാണുകയുമില്ല لِسُنَّةِ اللَّهِ അല്ലാഹുവിന്റെ നടപടിക്ക് تَحْوِيلًا ഒരു ഭേദഗതി, ഭേദപ്പെടുത്തൽ

ക്വുർആൻ അവതരിക്കുന്നതിന് മുമ്പ് ജൂതൻമാരും ക്രിസ്ത്യാനികളുമാണ് വേദക്കാരെന്ന നിലയിൽ അറേബ്യയിലുണ്ടായിരുന്നത്. ഈ രണ്ട് സമുദായങ്ങൾക്കുമിടയിൽ ഭിന്നിപ്പും വഴക്കുമാണുള്ളത്. തങ്ങളുടെ മാർഗമാണ് ശരിയായതെന്നും, മറ്റേവർ പിഴച്ചവരാണെന്നും ഇരുകൂട്ടരും വാദിക്കുക പതിവായിരുന്നു. ഇതെല്ലാം കാണുമ്പോൾ ബഹുദൈവവിശ്വാസികളായ അറബികൾ ഗൗരവമേറിയ സത്യവാചകങ്ങൾ ഉപയോഗിച്ചുകൊണ്ട് പറയും: 'തങ്ങൾക്ക് ഒരു റസൂൽ വന്നിരുന്നെങ്കിൽ തങ്ങൾ മറ്റ് സമുദായക്കാരെപ്പോലെ വഴിപിഴക്കാതെ, അവരെക്കാൾ സന്മാർഗികളായിത്തീരുമായിരുന്നു.' അങ്ങനെ,

അവരിൽ നിന്നുതന്നെ നബി ﷺ റസൂലായി നിയോഗിക്കപ്പെട്ടു. അപ്പോൾ അദ്ദേഹത്തിന്റെ മാർഗദർശനം സ്വീകരിക്കുന്നതിനുപകരം, പൂർവ്വാധികം ധിക്കാരികളായിത്തീരുകയും, നബി ﷺക്കെതിരിൽ കടുത്ത കുതന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുകയുമാണ് അവർ ചെയ്തത്. ഇവരുടെ മുൻഗാമികളായ ധിക്കാരികൾ അനുഭവിച്ചതുപോലെ, ഇവരുടെ ധിക്കാരഫലം ഇവരും അനുഭവിക്കാതിരിക്കുകയില്ലെന്നും, അത് അല്ലാഹുവിന്റെ നടപടിക്രമങ്ങളിൽ പെട്ടതാണെന്നും, ആ നടപടിക്രമങ്ങൾക്ക് ഒരിക്കലും മാറ്റമോ ഭേദഗതിയോ ഉണ്ടാകുകയില്ലെന്നും അല്ലാഹു അവരെ താക്കീത് ചെയ്യുന്നു.

ശാം, യമൻ, ഇറാക് മുതലായ ദൂരരാജ്യങ്ങളിലേക്ക് ഇവർ നടത്താറുള്ള കച്ചവടയാത്രകളിൽ, വഴിമദ്ധ്യെവെച്ച് ഇവരെക്കാൾ ശക്തൻമാരായിരുന്ന മുൻസമുദായങ്ങൾ അനുഭവിച്ച ശിക്ഷകളുടെ പല അടയാളങ്ങളും, നശിച്ചുപോയ അവരുടെ പല അവശിഷ്ടങ്ങളും ഇവർക്ക് കണ്ട് പാഠം പഠിക്കുവാനുണ്ടല്ലോ എന്ന് അടുത്ത വചനത്തിൽ അല്ലാഹു അവരെ ഉണർത്തുന്നു:-

أَوَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ وَكَانُوٓا۟ أَشَدَّ مِنْهُمْ قُوَّةً ۚ

**《44》 ഇവർ ഭൂമിയിൽകൂടി സഞ്ചരിക്കാറില്ലേ? ഇവർക്ക് മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയാണുണ്ടായിട്ടുള്ളതെന്ന് അപ്പോൾ ഇവർക്ക് നോക്കിക്കാണാമല്ലോ!- അവർ ഇവരെക്കാൾ ശക്തിയിൽ ഊക്കൻമാരായിരുന്നുതാനും.**

وَمَا كَانَ ٱللَّهُ لِيُعْجِزَهُۥ مِن شَىْءٍ فِى ٱلسَّمَـٰوَٰتِ وَلَا فِى ٱلْأَرْضِ ۚ إِنَّهُۥ كَانَ عَلِيمًا قَدِيرًا ﴿٤٤﴾

**ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ, യാതൊരു വസ്തുവും അല്ലാഹുവിനെ (തോൽപിച്ച്) അസാധ്യമാക്കുവാനില്ലതന്നെ. നിശ്ചയമായും, അവൻ സർവ്വജ്ഞനാകുന്നു; സർവ്വശക്തനാകുന്നു.**

وَلَوْ يُؤَاخِذُ ٱللَّهُ ٱلنَّاسَ بِمَا كَسَبُوا۟

**《45》 മനുഷ്യർ പ്രവർത്തിച്ചുവെച്ചിട്ടുള്ളതിന് അല്ലാഹു അവരെ പിടികൂടുകയാണെങ്കിൽ,**

مَا تَرَكَ عَلَىٰ ظَهْرِهَا مِن دَآبَّةٍ

**അതിന്റെ പുറഭാഗത്ത് [ഭൂമുഖത്ത്] ഒരു ജന്തുവെയും അവൻ (ബാക്കി) വിടുമായിരുന്നില്ല.**

وَلَـٰكِن يُؤَخِّرُهُمْ إِلَىٰٓ أَجَلٍ مُّسَمًّى

**പക്ഷേ, ഒരു നിർണയിക്കപ്പെട്ട അവധിവരേക്കും അവൻ അവർക്ക് (കാല) താമസം ചെയ്തുകൊടുക്കുകയാണ്.**

فَإِذَا جَآءَ أَجَلُهُمۡ فَإِنَّ ٱللَّهَ كَانَ بِعِبَادِهِۦ بَصِيرَۢا ﴿٤٥﴾

**അങ്ങനെ, അവരുടെ അവധി വന്നാൽ, നിശ്ചയമായും അപ്പോൾ, അല്ലാഹു തന്റെ അടിയാൻമാരെപ്പറ്റി കണ്ടറിയുന്നവനാകുന്നു. (വേണ്ടുന്ന നടപടി അവൻ എടുത്തുകൊള്ളും.)**

---

﴾44﴿ أَوَلَمۡ يَسِيرُوا ഇവർ (അവർ) സഞ്ചരിക്കാറില്ലേ فِي الْأَرْضِ ഭൂമിയിൽ فَيَنظُرُوا അപ്പോൾ അവർക്ക് നോക്കാമല്ലോ, കാണാം كَيْفَ كَانَ എങ്ങനെ ഉണ്ടായെന്ന് عَاقِبَةُ الَّذِينَ യാതൊരുകൂട്ടരുടെ പര്യവസാനം مِن قَبْلِهِمْ ഇവരുടെ മുമ്പുള്ള وَكَانُوا അവർ ആയിരുന്നുതാനും أَشَدَّ مِنْهُمْ ഇവരെക്കാൾ ഊക്കുള്ളവർ, കഠിനമായവർ قُوَّةً ശക്തിയാൽ, ബലം കൊണ്ട് وَمَا كَانَ اللَّهُ അല്ലാഹു അല്ല (ഇല്ല) لِيُعْجِزَهُ അവനെ അസാധ്യമാക്കാൻ مِن شَيْءٍ യാതൊന്നുംതന്നെ فِي السَّمَاوَاتِ ആകാശങ്ങളിൽ وَلَا فِي الْأَرْضِ ഭൂമിയിലുമില്ല إِنَّهُ كَانَ തീർച്ചയായും അവനാകുന്നു عَلِيمًا സർവ്വജ്ഞൻ قَدِيرًا (എല്ലാറ്റിനും) കഴിവുള്ളവൻ, സർവ്വജ്ഞൻ ﴾45﴿ وَلَوْ يُؤَاخِذُ പിടികൂടുകയാണെങ്കിൽ اللَّهُ അല്ലാഹു النَّاسَ മനുഷ്യരെ بِمَا كَسَبُوا അവർ പ്രവർത്തിച്ച (സമ്പാദിച്ചുവെച്ച)തിന് مَا تَرَكَ അവൻ വിട്ടേക്കുകയില്ല عَلَىٰ ظَهْرِهَا അതിന്റെ പുറത്ത്, വെളിയിൽ مِن دَابَّةٍ ഒരു ജന്തുവെയും وَلَٰكِن പക്ഷേ يُؤَخِّرُهُمْ അവൻ അവരെ താമസിപ്പിക്കുന്നു, പിന്തിച്ചുവെക്കുന്നു إِلَىٰ أَجَلٍ ഒരു അവധി വരെ مُسَمًّى നിർണയിക്കപ്പെട്ട فَإِذَا جَاءَ എന്നിട്ട് വന്നാൽ أَجَلُهُمْ അവരുടെ അവധി فَإِنَّ اللَّهَ അപ്പോൾ അല്ലാഹു كَانَ ആകുന്നു بِعِبَادِهِ തന്റെ അടിയാൻമാരെപ്പറ്റി بَصِيرًا കണ്ടറിയുന്നവൻ

---

മനുഷ്യസമുദായം ചെയ്തുകൂട്ടുന്ന പാപങ്ങളും, അക്രമങ്ങളും കണക്കിലെടുക്കുമ്പോൾ ഈ ഭൂമുഖത്ത് ഒരു ജീവിപോലും ഇല്ലാതാവത്തക്കവണ്ണം– മഴവർഷിപ്പിക്കാതെയോ, മറ്റേതെങ്കിലും വിധത്തിലോ– എല്ലാവരെയും, അല്ലാഹു നശിപ്പിക്കേണ്ടതാണ്. അത്രയും കടുത്തതും വമ്പിച്ചതുമാണവ. പക്ഷേ, അല്ലാഹു ക്ഷമാശീലനാണ്. കാരുണ്യവാനാണ്. അവൻ അവർക്ക് –ഓരോരുത്തർക്കും പ്രത്യേകവും, എല്ലാവർക്കും പൊതുവായും– ഒരവധി നിർണയിച്ചിട്ടുണ്ട്. അതുവരെ അവരെ ഒഴിവാക്കിവിട്ടിരിക്കയാണ്. ആ അവധി വന്നാൽ ഓരോരുത്തരിലും എടുക്കേണ്ട നടപടി എന്താണെന്ന് അവന് നല്ലപോലെ അറിയാം. അവൻ എടുക്കുകയും ചെയ്യും.

നബി ﷺ ഇപ്രകാരം പറഞ്ഞതായി അബൂമൂസൽ അശ്അരീ (റ) ഉദ്ധരിക്കുന്നു: ما احدا أصبر على اذى يسمعه من الله ندعون له الولد ثم يعافيهم ويرزقهم– متفق عليه സാരം: ശല്യവാക്കുകൾ കേട്ടിട്ട് അതിനെപ്പറ്റി അല്ലാഹുവിനെക്കാൾ ക്ഷമിക്കുന്ന ഒരാളും തന്നെ ഇല്ല. ജനങ്ങൾ അവന് മക്കളുണ്ടെന്ന് വാദിക്കുന്നു. എന്നിട്ട് പിന്നെയും അവൻ അവർക്ക് ആരോഗ്യവും ആഹാരവും നൽകുന്നു: (ബു. മു.)

അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ. അവന്റെ സദ്‌വൃത്തരായ അടിയാൻമാരിൽ നമ്മെ ഉൾപ്പെടുത്തുകയും ചെയ്യട്ടെ. ആമീൻ

[والله الحمد والمنة]